I.ഇ.ബി. XIIകേരള നിയമസഭ/VIII-7

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 1, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

കേരള വനിതാ കമ്മീഷന്റെ അപക്വമായ ശുപാർശകൾ

ശ്രീ. കെ. എം. മാണി: 18 വയസ്സ് തികയുന്നതിനുമുമ്പ് പെൺകുട്ടികളെ കന്യാസ്ത്രീകളാകാൻ പരിശീലനത്തിന് അയയ്ക്കുന്ന മാതാപിതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വനിതാ കമ്മീഷൻ 5-6-2008-ന് തിരുവനന്തപുരത്തുവച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. സ്വമേധയാ കന്യാസ്ത്രീകളാകാൻ താൽപ്പര്യമുള്ളവർക്ക് പ്രായപരിധി നിശ്ചയിക്കണം, സന്യാസജീവിതത്തിൽനിന്നും പുറത്തുപോകുന്നവരെ പുനരധിവസിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം, കന്യാസ്ത്രീകളുടെ സ്വത്തുക്കൾ അവരുടെ പേരിൽത്തന്നെ നിലനിർത്തണം എന്നിവയാണ് വനിതാ കമ്മീഷന്റെ കണ്ടെത്തലുകൾ. ഇത് വസ്തുതകൾക്ക് നിരക്കാത്തതും തെറ്റിദ്ധാരണാജനകവുമാണ്. പൗരസ്ത്യ സഭകളുടെ

കാനോൻ നിയമമനുസരിച്ച് അഞ്ച് ഘട്ടങ്ങൾ കഴിഞ്ഞിട്ടാണ് ഒരു പെൺകുട്ടി കന്യാസ്ത്രീ പദത്തിലേയ്ക്കെത്തുന്നത്. വെള്ളവസ്ത്രമണിയുന്നത് ഇരുപത്തിയൊന്നാം വയസ്സിലാണ്. സ്ഥിര വ്രതവാഗ്ദാനം ലഭിക്കണമെങ്കിൽ ചില പ്രത്യേക സഭകളുടെ അനുമതികൂടി ലഭിക്കണം. കാനോൻ നിയമത്തിലെ 517-ാമത്തെ സെക്ഷൻ അനുസരിച്ച് 17 വയസ്സ് പൂർത്തിയാകുന്നതാണ് ഓർഡറിന്റെയോ കോൺഗ്രീഷന്റേയോ നൊവീഷിയേറ്റിലേയ്ക്കുള്ളതായ സാധുവായ കുറഞ്ഞ പ്രായം. ഇത് സന്യാസജീവിതത്തിനുള്ള പ്രാർത്ഥനാജീവിതത്തിലേയ്ക്കുള്ള ഒരുക്കം മാത്രമാണ്. 18 വയസ്സിലേയ്ക്ക് പ്രവേശിച്ചിട്ട് വേണം കന്യാസ്ത്രീ ജിവിതത്തിനുള്ള ഒരുക്കം ആരംഭിക്കുന്നത്. അതിന് മൂന്ന് വർഷം വേണമെന്നാണ് കാനോൻ നിയമത്തിലെ അഞ്ചാം വകുപ്പിൽ പറയുന്നത്. അതായത് 21 വയസ്സിലാണ് താൽക്കാലിക വ്രതവാഗ്ദാനത്തിലേയ്ക്ക് കയറുന്നത്. അതുകഴിഞ്ഞ് നിത്യവ്രതത്തിൽ കടക്കണമെങ്കിൽ ചില സഭകളെ സംബന്ധിച്ച് ആറ് വർഷമെങ്കിലും പൂർത്തിയാക്കണം. സ്ഥിരവ്രതവാഗ്ദാനം ചെയ്യുന്ന ആളിന് സഭയുടെ അനുമതിയോടുകൂടി വേണമെങ്കിൽ തിരിച്ചുപോരാം. 18 വയസ്സാകുന്നതിനുമുമ്പ് കന്യാസ്ത്രീകളാക്കാനേ പറ്റുകയില്ല, വ്രതവാഗ്ദാനം 21 വയസ്സായിട്ടേ എടുക്കാൻ പറ്റൂ എന്ന് കാനോൻ നിയമത്തിൽ വ്യക്തമാക്കിയിരിക്കെ ജസ്റ്റിസ് ഡി. ശ്രീദേവി അദ്ധ്യക്ഷയായ വനിതാ കമ്മീഷൻ നടത്തിയ പ്രസ്താവന തെറ്റിദ്ധാരണാജനകമാണ്. സന്യാസജീവിതം, കോൺഗ്രീഷൻ എന്നിവ സംബന്ധിച്ച് കാനോൻ നിയമത്തിന് വിരുദ്ധമായ നിലപാടാണ് വനിതാ കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. അത് തിരുത്താനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :കാനോൻ നിയമവുമായി ബന്ധപ്പെട്ട് പെൺകുട്ടികൾ സന്യാസജീവിതം നയിക്കുന്നത് സംബന്ധിച്ച് യാതൊരു തരത്തിലുള്ള ശുപാർശയോ അഭിപ്രായമോ വനിതാ കമ്മീഷൻ ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. ഈ പ്രശ്നം അടിസ്ഥാനരഹിതമായ കാര്യമാണോ എന്നുള്ളത് പരിശോധിക്കണമെങ്കിൽ ഗവൺമെന്റിന്റെ മുമ്പിൽ ശുപാർശ വേണം. ഒരു കുട്ടിയുടെ രക്ഷകർത്താവിൽനിന്നുള്ള പരാതി കേരള വനിത കമ്മീഷന്റെ മുമ്പിൽ വന്നപ്പോൾ പ്രായപരിധിയാകാത്ത പെൺകുട്ടികളെ കന്യാസ്ത്രീകളാക്കുന്നത് ശരിയല്ല എന്ന അഭിപ്രായമാണ് അവർ പ്രകടിപ്പിച്ചത് എന്നുള്ള പത്രവാർത്തയാണ് വന്നിട്ടുള്ളത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വിശ്വാസികളുടെ മതാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും യാതൊരു തരത്തിലുള്ള പ്രശ്നങ്ങളിലും ഇടപെടണമെന്ന ആഗ്രഹമില്ല. കാനോൻ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും തെറ്റ് സംഭവിച്ചോ എന്ന് പരിശോധിക്കാനും പരാതി കിട്ടിയാൽ അന്വേഷിക്കാനും കേരള വനിതാ കമ്മീഷന് അവകാശമുണ്ട്. 17 വയസ്സ് പൂർത്തിയാകാത്ത ഒരു വ്യക്തി നൊവീഷിയേറ്റിൽ പ്രവേശിക്കുന്നത് അസാധുവാണെന്ന ഒരു പരാതി കിട്ടിയാൽ അത് അന്വേഷിക്കുന്നതിൽ തെറ്റില്ല. ഇതൊരു ഗുരുതരമായ പ്രശ്നമായി എടുക്കാൻ ഗവൺമെന്റിന് താൽപ്പര്യമില്ല. ഏത് വിശ്വാസിക്കും അവരുടെ വിശ്വാസത്തിനനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ അവകാശമുണ്ട്.

(2) <u>പീരുമേട്ടിലെ തേയില തോട്ടങ്ങൾ</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: തേയില വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിലയിടിവാണ്. തേയില പരസ്യലേലത്തിൽ നിയമാനുസൃതം വിൽക്കുമ്പോൾ മാർക്കറ്റിൽ ലഭിക്കുന്ന വിലയുടെ പകുതിപോലും ലഭിക്കുന്നില്ല. ഈ വിഷയത്തിൽ കച്ചവടക്കാരുടേയും ബ്രോക്കർമാരുടേയും പങ്ക് പഠനവിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യണം. തുടർച്ചയായി നഷ്ടം സഹിക്കേണ്ടിവന്നപ്പോഴാണ് പീരുമേട്ടിലെ തേയിലത്തോട്ടങ്ങൾ പൂട്ടിയത്. പീരുമേട്ടിലെ തോട്ടങ്ങളിലെല്ലാംകൂടി 15,000-ത്തോളം തൊഴിലാളികൾക്ക് ജോലിയും കൂലിയും നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ശ്രീ. കൈലാസ് ജോഷി ചെയർമാനായ പാർലമെന്ററി സബ് കമ്മിറ്റി സമർപ്പിച്ച തേയില വ്യവസായത്തെ സംരക്ഷിക്കാനാവശ്യമായ നിർദ്ദേശങ്ങളടങ്ങിയ ശുപാർശകൾ പൊതുവെ സ്വീകാര്യമാണ്. യുദ്ധകാലാടിസ്ഥാനത്തിൽ തേയിലച്ചെടികൾ റീപ്ലാന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ടീ ബോർഡ് നൽകുന്ന സബ്സിഡിത്തുക ഉയർത്തുകയും അത് അഡ്വാൻസ് ആയി തോട്ടം ഉടമകൾക്ക് നൽകുകയും ചെയ്യണം. തേയിലത്തോട്ടങ്ങളുടെ പ്രവർത്തനങ്ങൾക്കായുള്ള മൂലധനം ചെറിയ പലിശ നിരക്കിൽ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. വായ്പത്തുക തിരിച്ചടയ്ക്കുന്നതിന് പരമാവധി കാലാവധി ഉടമകൾക്ക് നൽകണം. നല്ലയിനം തേയില ഉൽപാദിപ്പിക്കാനുള്ള ആധുനിക തേയില ഫാക്ടറികൾ സ്ഥാപിക്കണം. തോട്ടങ്ങളിൽ ഉൽപാദിപ്പിക്കുന്ന തേയില ന്യായവിലയ്ക്ക് വാങ്ങി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനെപ്പറ്റി

ആലോചിക്കണം. അര കിലോഗ്രാം തേയിലയെങ്കിലും ഓരോ റേഷൻ കാർഡുടമയും വാങ്ങുന്നതിനുള്ള ഉത്തരവ് ഗവൺമെന്റിൽ നിന്നുണ്ടാകണം. വ്യാവസായിക അടിസ്ഥാനത്തിൽ നൽകിയിരിക്കുന്ന വൈദ്യുതി തീരുവ കാർഷിക ആവശ്യത്തിന്റേതാക്കി മാറ്റുന്നതിനുവേണ്ട ഭേദഗതി കൊണ്ടുവരണം. തോട്ടങ്ങളിലെ റോഡുകൾ നന്നാക്കൽ, ലയങ്ങളുടെ അറ്റകുറ്റപ്പണികൾ, ശുദ്ധജലവിതരണം, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിൽ ത്രിതല പഞ്ചായത്തുകളുടെ പങ്ക് കൂടിയുണ്ടാകണം. ഉടമകൾക്ക് ലഭിക്കാവുന്ന ധനസഹായത്തിൽ നിന്നും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് പരിഗണന നൽകണം. തോട്ടം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയടക്കം നൽകുന്നതിന് തോട്ടം ഉടമകളുമായും ട്രേഡ് യൂണിയൻ നേതാക്കളുമായും ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റ് പാലിക്കുന്നതിൽ മാനേജ്മെന്റുകൾ പരാജയപ്പെടുന്ന സാഹചര്യം ഗവൺമെന്റ് പരിശോധിക്കണം. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ നേരിട്ട് തോട്ടങ്ങൾ ലേലം ചെയ്യുമ്പോൾ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കണം. പീരുമേട് തോട്ടം മേഖലയിൽ കുടിവെള്ളം, വൈദ്യുതി, റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്, വിവാഹ ധനസഹായം എന്നിവ നൽകിയത് സ്വാഗതാർഹമാണ്. തേയിലത്തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെങ്കിൽ പൂട്ടിയിട്ടിരിക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ക്രമീകരണമുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ. ഗുരുദാസൻ):</u> തേയില വ്യവസായം നേരിടുന്ന പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിനായി സംസ്ഥാന ഗവൺമെന്റ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സും പ്ലാന്റേഷൻ ടാക്സും ഇലക്ട്രിസിറ്റി മിനിമം ഡിമാന്റ് ചാർജ്ജും

കുറച്ചിട്ടുണ്ട്. ഇ.പി.എഫ്. അടയ്ക്കുന്നതിനും ബാങ്ക് കുടിശ്ശിക അടയ്ക്കുന്നതിനും കേന്ദ്ര ഗവൺമെന്റ് 5 വർഷത്തെ മൊറട്ടോറിയം നൽകുകയും ബാങ്കുകൾ പീനൽ ഇന്ററസ്റ്റ് ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. പുനഃകൃഷിക്കും നവീകരണത്തിനുമായി ഒരു ഹെക്ടറിന് 3.44 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് നൽകുന്നതിനുള്ള ഒരു പാക്കേജ് ടീ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. പീരുമേട് മേഖലയിലെ വാട്ടർ സപ്ലൈ, ഇലക്ട്രിഫിക്കേഷൻ എന്നീ കാര്യങ്ങൾക്കുവേണ്ടി 2.98 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ലേല ഹാളിലെ കൃത്രിമം കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയവും തേയില വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇതിനെതിരെ ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളുടെ ഫലമായി നേടിയെടുത്ത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പല തോട്ടം ഉടമകളും സന്നദ്ധമായിട്ടില്ല. ഇതിന് ഇ.പി.എഫ്. നിയമം അനുസരിച്ചുള്ള അവകാശമാണ് അവർ വിനിയോഗിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുള്ള പാട്ട കാലാവധി അവസാനിക്കുമ്പോൾ ഈ അവകാശം ഇല്ലാതാകും അതിന്റെ നിയമപരമായ വശങ്ങളെക്കുറിച്ച് ഇനിയും പരിശോധിക്കേണ്ടതായിട്ടുണ്ട്. പീരുമേട്ടിൽ ആർ.ബി.ടി. 1-ന്റെ 4 തോട്ടങ്ങളുടേയും ആർ.ബി.ടി 2-ന്റെ 2 തോട്ടങ്ങളുടേയും പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഫാക്ടറികൾ ടേക്ക് ഓവർ ചെയ്യാനായി പാക്കേജ് തയ്യാറാക്കിയത് വൻകിട മുതലാളിമാർക്ക് പ്രയോജനം ചെയ്യുന്നതാണ്. പീരുമേട് ടീ കമ്പനി ടേക്ക് ഓവർ ചെയ്യുന്നത് ഹൈക്കോടതി സ്റ്റേ

ചെയ്തിരിക്കുകയാണ്. ഈ നിലയ്ക്ക് തോട്ടങ്ങൾ എല്ലാം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റ് പ്രശ്നങ്ങളിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ച് തേയില വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്.

**സബ്മിഷൻ**

(1) മലബാർ പാക്കേജ്

ശ്രീ. കെ. ടി. ജലീൽ: മൊത്തം ജനസംഖ്യയുടെ 47 ശതമാനം ആളുകൾ താമസിക്കുന്ന മലബാർ മേഖലയുടെ വിദ്യാഭ്യാസ, വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മലബാർ മേഖലയ്ക്ക് ഒരു പ്രത്യേക പാക്കേജ് കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മലബാർ മേഖലയുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കാനും പുതിയതായി അനുവദിക്കുന്ന കേന്ദ്ര സർവ്വകലാശാലയുടെ ആസ്ഥാനം മലബാർ മേഖലയിലായിരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ എയർപോർട്ടിനായുള്ള പ്രവർത്തനം ത്വരിതപ്പെടുത്താനും പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കൂടുതൽ നിക്ഷേപം ആകർഷിക്കാനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നിരവധി പദ്ധതികൾക്ക് ആരംഭം കുറിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. മലബാർ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കാനും കോഴിക്കോട് ജില്ലയിൽ പുതിയ ഐ.ടി. പാർക്ക് സ്ഥാപിക്കാനും മാവൂർ ഗ്വാളിയോർ റയോൺസിന്റെ സ്ഥലത്ത് പുതിയ വ്യവസായ സംരംഭം തുടങ്ങാനും

കോഴിക്കോട് ജില്ലയിൽ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞിട്ടുണ്ട്. പാലക്കാട്-റെയിൽവേ കോച്ച് ഫാക്ടറി, കണ്ണൂരിലും പാലക്കാടും ടെക്സ്റ്റൈൽ പാർക്കുകൾ, വയനാട്-മെഗാ ഫുഡ് പാർക്ക് തുടങ്ങിയവയെല്ലാം വ്യവസായ മേഖലയിൽ സർക്കാർ പുതിയതായി തുടക്കം കുറിച്ച ചില പദ്ധതികളാണ്. ഇനിയും കൂടുതൽ പദ്ധതികൾക്ക് തുടക്കം കുറിക്കാനുള്ള പരിശ്രമങ്ങൾ സർക്കാർ നടത്തി വരികയാണ്. ആരോഗ്യ മേഖലയിലും റോഡ്, റെയിൽവേ വികസന പ്രവർത്തനങ്ങൾക്കും സർക്കാർ ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനം, കണ്ണൂർ, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ പുതിയ നഴ്സിംഗ് കോളേജുകൾ, സഹകരണ മേഖലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളടക്കം നിരവധി സ്ഥാപനങ്ങൾ തുടങ്ങാനും മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കാനും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(2) <u>സെന്റ് തോമസ് ഡേ പൊതു അവധിയായി പ്രഖ്യാപിക്കണം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സെന്റ് തോമസിന്റെ രക്തസാക്ഷി ദിനമായ ജൂലൈ-3 പൊതു അവധിയായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സെന്റ് തോമസ് രക്ത സാക്ഷിത്വം വഹിച്ച ജൂലൈ 3 പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. വിവിധ സമുദായ വിഭാഗങ്ങളുടെ പ്രധാനപ്പെട്ട ദിവസങ്ങൾക്ക് അവധി പ്രഖ്യാപിക്കണമെന്ന് സർക്കാരിന് ലഭിച്ച സമാന കേസുകൾ പരിഗണിച്ചിട്ടില്ല. ഞായറാഴ്ചയും രണ്ടാം ശനിയാഴ്ചയും ഒഴികെ 19 അവധി ദിനങ്ങളാണ് നടപ്പുവർഷത്തിലുള്ളത്.

ഇതുകൂടാതെ പ്രധാനപ്പെട്ട ഉത്സവ ദിവസങ്ങൾക്ക് പ്രാദേശിക അവധികളും നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇനിയും പ്രവൃത്തി ദിവസം കുറയ്ക്കുന്നത് ശരിയായ നടപടിയല്ല.

(3) ഷാർജയിൽ നടന്ന മനോജിന്റെ കൊലപാതകം

ശ്രീ. പി. വിശ്വൻ :കൊയിലാണ്ടിയിലെ പുൽക്കാവ് സ്വദേശി കലോപ്പയിൽ കാഞ്ഞാടൻ വീട്ടിൽ മനോജ് കഴിഞ്ഞ മാസം ഷാർജയിൽവച്ച് കൊലചെയ്യപ്പെട്ട കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തുവെങ്കിലും കൊലപാതകത്തിനു പിന്നിൽ പ്രവർത്തിച്ചവരെക്കൂടി അറസ്റ്റ് ചെയ്യാനും മനോജിന്റെ കുടുംബത്തെ സഹായിക്കാനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : 18-06-2008-ന് ഷാർജ യിൽ നടന്ന മനോജിന്റെ കൊലപാതകം പരേതന്റെ ബന്ധുക്കളാരും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലെങ്കിലും അത് സംബന്ധിച്ച് അന്വേ ഷിക്കാനും കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കാനും ഇന്ത്യൻ കോൺസുലേറ്റിന് നിർദ്ദേശം കൊടുക്കുകയും പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ എൻ.ആർ.ഐ. പോലീസ് സൂപ്രണ്ടിനോട് അടിയന്തിര റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(4) ശ്രീ. ആർ. വി. ദേവിന് സാമ്പത്തിക സഹായം

ശ്രീ. എ. എം. ആരിഫ് : 19-12-1977-ന് ആലപ്പുഴ സെഷൻസ് കോടതി വളപ്പിൽ സാക്ഷി വിസ്താര വേളയിൽ നടന്ന ആസിഡ് ബൾബ് ആക്രമണ ത്തിൽ ശ്രീ. ആർ. വി. ദേവിന് കാഴ്ചശക്തി നഷ്ടപ്പെട്ടതിനെത്തുടർന്ന് ജോലി നഷ്ടപ്പെടുകയും ഒരു കുടുംബം മുഴുവൻ നിരാലംബരായിത്തീരുകയും ചെയ്തു. നഷ്ടപരിഹാരത്തിനായി കേസ് ഫയൽ ചെയ്തെങ്കിലും ലിമിറ്റേ

ഷന്റെ കാരണം പറഞ്ഞ് അത് നിരസിക്കുകയും കോർട്ട് ഫീയായി 1,73,230 രൂപ ചുമത്തുകയും ചെയ്തു. തുക ഒടുക്കാൻ സാധിക്കാത്തതിനാൽ ജപ്തി നടപടികളുമായി പോകുന്ന സാഹചര്യം ഒഴിവാക്കി മാനുഷിക പരിഗ ണനയുടെ പേരിൽ നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ചേർത്തല താലൂക്കിലെ തൈക്കാട്ടുശ്ശേരി വില്ലയിൽ വീട്ടിൽ ആർ.വി. ദേവിന് 19-12-1977-ന് കോടതി യിൽ വച്ച് നടന്ന ആസിഡ് ബൾബ് ആക്രമണത്തിൽ കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെടുകയും തന്മൂലം ജോലി നഷ്ടപ്പെടുകയുമാണുണ്ടായത്. ശാരീരിക നഷ്ടത്തിനും ജീവിതമാർഗ്ഗത്തിനുമായി നഷ്ടപരിഹാരത്തിന് കേസ് ഫയൽ ചെയ്തെങ്കിലും കേസ് പരാജയപ്പെട്ടതിനെത്തുടർന്ന് 1,73,230 രൂപ ഒടുക്കാൻ നിർബന്ധിതനായതിനെത്തുടർന്ന് ആകെയുള്ള ഏഴ് സെന്റ് ഭൂമി ജപ്തി ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ദയനീയ സാഹചര്യം കണക്കിലെടുത്ത് സഹായം നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(5) വിവിധ പ്രദേശങ്ങളിലെ ഡെങ്കിപ്പനി ബാധ

ശ്രീ. ജി. കാർത്തികേയൻ : ആര്യനാട് നിയോജകമണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്തിൽ ഡെങ്കിപ്പനി പടർന്നുപിടിക്കുന്ന കാര്യം മെഡിക്കൽ കോളേജിലെ മൈക്രോ ബയോളജി വിഭാഗം സ്ഥിരീകരി ച്ചിരിക്കുന്ന സാഹചര്യത്തിൽ ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീക രിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : കാട്ടാക്കടയിലെ ആമച്ചൽ പ്രദേശത്ത് ഡെങ്കിപ്പനി പടർന്നു

പിടിച്ചുവെന്ന് റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് സത്വര നടപടികൾ സ്വീകരിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിലേയും ആരോഗ്യ വകുപ്പിലേയും ആയുർവ്വേദ-ഹോമിയോപ്പതി വിഭാഗങ്ങളിലെ ഡോക്ടർമാരുടേയും ജീവനക്കാരുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സ്ഥിരമായി ക്യാമ്പ് ചെയ്തുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. കൊതുകുകളുടെ ഉറവിടം നശിപ്പിക്കുന്നതിനായി ഓരോ വാർഡിലും പൊതുജനങ്ങളുടെ സഹായത്തോടെ ആവശ്യമായ പ്രവർത്തനം നടത്തുന്നുണ്ട്.

(6) <u>റോഡുകളുടേയും മേൽപ്പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ</u>

<u>ശ്രീ. വി. ശിവൻകുട്ടി :</u> തലസ്ഥാന നഗരിയിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> തലസ്ഥാന നഗരിയിലെ മുടങ്ങിപ്പോയ വികസന പദ്ധതികൾ പുനരാരംഭിക്കുന്നതിനുവേണ്ടി ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, ടെലികോം കണക്ഷനുകൾ തുടങ്ങിയവ നീക്കം ചെയ്യുന്ന പ്രാഥമിക കാര്യങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതാണ് വർക്കുകൾ മുടങ്ങാനുള്ള പ്രധാന കാരണം. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ മെഷീനറി സ്ഥാപിക്കാൻ ആനയറ മാർക്കറ്റിനുസമീപമുള്ള സർക്കാർ സ്ഥലം പാട്ടവ്യവസ്ഥയിൽ വിട്ടുകൊടുത്തിട്ടുണ്ട്. എല്ലാ റോഡുകളുടെയും പണികൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടന്നുവരികയാണ്. ബേക്കറി ജംഗ്ഷനിലെ ഫ്ളൈ ഓവറിന്റെ നിർമ്മാണത്തിനാവശ്യമായ ഷട്ടറിംഗ് മെറ്റീരിയൽ ലഭിച്ചാലുടൻതന്നെ അതിന്റെ പണി ആരംഭിക്കുന്നതാണ്. തകരപ്പറമ്പിലെ

ഫ്ളൈ ഓവറിന്റെ നിർമ്മാണത്തിനുവേണ്ട സ്ഥലമെടുക്കുന്നതിനുവേണ്ടി ആ ഭാഗത്തെ കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചില ആരാധനാലയങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ ഭൂമി വിട്ടുകിട്ടാനുണ്ട്. അത് അവരുമായി സംസാരിച്ച് ഏറ്റെടുക്കുന്നതിന് ധാരണയായിട്ടുണ്ട്. തമ്പാനൂർ, പഴവങ്ങാടി എന്നിവിടങ്ങളിലെ വെള്ളപ്പൊക്ക പ്രശ്നവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുകയും ഹ്രസ്വകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുകയും ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് നാഷണൽ ടീമിന്റെകൂടി സഹായത്തോടെ എത്രയുംവേഗം ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

(7) <u>പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ</u>

<u>പ്രൊഫ. കെ.വി. തോമസ്</u>: കൊച്ചിൻ കോർപ്പറേഷനിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ മെയിന്റനൻസും എറണാകുളം കലൂർ പി.വി.എസ്. ആശുപത്രിക്കുമുന്നിലുള്ള കൾവർട്ടിന്റെ നിർമ്മാണവും പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്):</u> ഇടപ്പള്ളി മുതൽ ഫോർട്ടുകൊച്ചി വരെയുള്ള റോഡുകളുടെ വാർഷിക മെയിന്റനൻസിന് 255.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എത്രയുംവേഗം അത് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൊച്ചിൻ കോർപ്പറേഷനിൽ പി.ഡബ്ല്യു.ഡി.യുടെ പരിധിയിൽ വരുന്ന ഓടകൾ അടക്കമുള്ള കാര്യങ്ങളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. പി.വി.എസ്. ആശുപത്രിയുടെ ഭാഗത്തുള്ള വെള്ളക്കെട്ടു പ്രശ്നത്തിന് താൽക്കാലിക നടപടി സ്വീകരിക്കുകയും ദീർഘകാല പരിഹാരത്തിനുള്ള നടപടി പി.ഡബ്ല്യു.ഡി. അറേഞ്ചുചെ

യ്യുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ കോർപ്പറേഷൻ, ജി.സി.ഡി.എ., പോർട്ട് ട്രസ്റ്റ് എന്നിവയുമായി ബന്ധപ്പെട്ട റോഡുകൾ നന്നാക്കുന്നതിനും കാലതാമസം വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് കൊച്ചിൻ കോർപ്പറേഷനേയും മറ്റു ബന്ധപ്പെട്ട ഏജൻസികളേയും ഉൾപ്പെടുത്തി ഒരു അടിയന്തിര യോഗം വിളിച്ചുകൂട്ടുന്നതാണ്.

(8) തോട്ടം തൊഴിലാളികളുടെ മിനിമം വേതനം

പ്രൊഫ. സി. രവീന്ദ്രനാഥ്: കേരളത്തിലെ തോട്ടം തൊഴിലാളികളുടെ മിനിമം കൂലി 175 രൂപയായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി യുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പ്ലാന്റേഷൻ ലേബർ കമ്മിറ്റി ട്രേഡ് യൂണിയനുകളും തൊഴിലുടമാ പ്രതിനി ധികളുമായി ചർച്ച നടത്തി ഡി.എ. നിരക്കിൽ വ്യത്യാസം വരുത്തിയും ഉല്പാദന ക്ഷമത മെച്ചപ്പെടുത്തിയും റബ്ബർ തോട്ടം തൊഴിലാളികളുടെ മിനിമം വേജസ് സംബന്ധിച്ച് ധാരണയായിട്ടുണ്ട്. മറ്റു മേഖലകളിലും പ്രതി സന്ധിയുണ്ടെങ്കിലും തൊഴിലാളികൾക്ക് അർഹമായ കൂലി ലഭിക്കുന്ന വിധത്തിലുള്ള തീരുമാനമെടുക്കുന്നതാണ്.

(9) കടമ്പനാട്-ഏഴംകുളം മിനി ഹൈവേയുടെ പണി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടൂർ നിയോജക മണ്ഡലത്തിലെ കടമ്പനാട്-ഏഴംകുളം റോഡ് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് ഒരു കെട്ടിടം ഉടമ കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): നാട്ടിലെ മുഴുവൻ ആളുകളും കടമ്പനാട്-ഏഴംകുളം റോഡ് നന്നാക്കുന്നതിന് സഹകരിക്കുകയും ഒരാൾമാത്രം സഹകരിക്കാതിരിക്കുകയും കോടതി സ്റ്റേ വാങ്ങുകയും ചെയ്ത സാഹചര്യത്തിൽ പ്രശ്നമുള്ള ഭാഗമൊഴികെയുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പത്തനംതിട്ട പി. ഡബ്ല്യു.ഡി. റോഡ്സ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് ആ ഭാഗത്ത് ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

(10) ക്രിമിനൽ കേസ്സുകളിൽ പ്രതികളായവർ

ശ്രീ. പി.സി. ജോർജ്: ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള 607 പോലീസുകാരും വിജിലൻസ് അന്വേഷണം നേരിടുന്ന 8 ഐ.പി.എസ്. കാരും 24 ഐ.എ.എസ്.കാരും ലാ ആൻഡ് ഓർഡറിൽ ജോലി നോക്കിവരികയാണ്. വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.ജി. വിജിലൻസ് ഡയറക്ടറായിരിക്കുന്നു. ഇങ്ങനെയുള്ളവരെ ഉത്തരവാദപ്പെട്ട പോസ്റ്റുകളിൽ നിയമിക്കുന്നത് നാടിന് ഗുണകരമാണോയെന്ന് വ്യക്തമാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേസുകളിൽ കൂടുതലും അതിർത്തി തർക്കം, വാഹനാപകടം, പ്രൈവറ്റ് കംപ്ലെയിന്റ്സ് എന്നിവയാണ്. ക്രിമിനൽ കേസിലുൾപ്പെട്ടിട്ടുള്ള 444 പോലീസുകാർക്കെതിരെ ക്രിമിനൽ നടപടിയും ഡിപ്പാർട്ടുമെന്റൽ നടപടിയും ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരുടെ പേരിൽ ഗൗരവമായ നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള

ഉദ്യോഗസ്ഥർക്കെതിരെ അതാതു സ്ക്വാഡിൽ തന്നെ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

(11) <u>നെച്ചൂർക്കടവ് പാലം പണി</u>

<u>ശ്രീ. എം.ജെ. ജേക്കബ്:</u> പിറവം നിയോജകമണ്ഡലത്തിൽ മൂവാറ്റുപുഴ പാലത്തിനുകുറുകെ നിർമ്മിക്കുന്ന നെച്ചൂർക്കടവ് പാലത്തിന്റെ പണി കോൺട്രാക്ടർ പകുതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. ഈ പാലത്തിന്റെ പണി പൂർത്തീകരിക്കാൻ അടിയന്തിര നടപടിയുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> നെച്ചൂർക്കടവ് പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ 100% നിരക്കുവർദ്ധന ആവശ്യപ്പെട്ടതുകാരണം തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പാലംപണി പൂർത്തിയാക്കുന്നകാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്.

(12) <u>ചുമട്ടുകൂലി അനുവദിക്കൽ</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ദേവികുളം നിയോജകമണ്ഡലത്തിലെ ഇടമലക്കുടി ആദിവാസി കോളനിയിൽ റേഷൻ അരി എത്തിക്കുന്നതിനുള്ള ചുമട്ടുകൂലി പൂർണ്ണമായും സർക്കാർ വഹിക്കുന്നതിന് നടപടിയുണ്ടാകണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ .കെ. ബാലൻ)</u>: യാത്രാസൗകര്യമില്ലാത്ത ഇടമലക്കുടി ആദിവാസി കോളനിയിലെ മൺസൂൺ കാലത്തെ പട്ടിണിയും പ്രയാസങ്ങളും ഒഴിവാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന്റെ ചുമട്ടുകൂലി ഫുഡ് സപ്പോർട്ട് പ്രോഗ്രാമിൽപ്പെടുത്തി 2008 ജൂൺ മുതൽ ഒക്ടോബർ വരെ ചെലവിടുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് മറ്റു റേഷൻ

സാധനങ്ങൾക്കുകൂടി ബാധകമാക്കി നൽകുന്നതാണ്. പ്രസ്തുത കോളനിയിലേയ്ക്ക് ഒരു റോഡ് നിർമ്മിക്കുന്നതിന് വനംവകുപ്പുമായി സംയുക്ത യോഗം ചേർന്ന് നടപടി സ്വീകരിക്കാം.

(13) <u>നദീതീരങ്ങളിൽ നടക്കുന്ന മണൽ ഖനനം</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി കാരണം നദീതീരങ്ങളിലും മറ്റ് ജലസ്രോതസ്സുകളിലും വ്യാപകമായി മണൽ ഖനനം നടക്കുകയാണ്. നിലവിലുള്ള നിയമത്തിൽ നദീതിരത്തുനിന്നും 10 മീറ്റർ മാറി ഖനനം ചെയ്യാമെന്നുപറയുന്നത് ഗവൺമെന്റ് സ്റ്റേ ചെയ്തു. എന്നാൽ കനാലുകൾ, തോടുകൾ, റിസർവോയറുകൾ, കുളങ്ങൾ എന്നിവ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ വരാത്തതുകൊണ്ട് അവയുടെ 10 മീറ്ററിനുള്ളിലും ഖനനം നടത്തുകയാണ്. കേരളത്തിലെ ജലസ്രോതസ്സുകളെ ബാധിക്കുന്ന ഈ പ്രശ്നത്തിന് അടിയന്തിര നടപടിയുണ്ടാകണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം</u>): കരിങ്കല്ല്, വെട്ടുകല്ല് എന്നിവയുടെ ഖനനത്തിനായി 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ നിലവിലുള്ള വ്യവസ്ഥകൾ സുതാര്യമാക്കുന്നതിനും ആയതിന്റെ സുഗമമായ നടത്തിപ്പിനും വേണ്ടി 2008 മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നദീതീരത്തു നിന്നും മണൽ ഒഴികെയുള്ള ധാതുക്കൾ ഖനനം ചെയ്യുന്നതിന് 50 മീററർ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മണൽ ഖനനത്തിന് വ്യക്തമായ ദൂരപരിധി നിശ്ചയിച്ചിരുന്നില്ല. ഭേദഗതി ചെയ്ത പ്രസ്തുത നിയമത്തിലെ രണ്ടാമത്തെ ഉപാധി പ്രകാരം മണലും ചെളിയും ഖനനം ചെയ്യുന്നതിന് 10 മീറ്റർ ദൂരപരിധി നിശ്ചയിച്ചു.

ഒരു വിജ്ഞാപനത്തിലൂടെ കൊണ്ടുവന്ന വ്യവസ്ഥ മറ്റൊരു വിജ്ഞാപനത്തിലൂടെ മാത്രമേ ഭേദഗതി ചെയ്യാനോ പരിഷ്ക്കരിക്കുവാനോ കഴിയുകയുള്ളൂ. ആയതിനാൽ പുതിയ ഭേദഗതി റദ്ദ് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(14) പട്ടാമ്പി മേഖലയിൽ പടർന്നു പിടിക്കുന്ന പനി

ശ്രീ. സി.പി. മുഹമ്മദ്: ഷൊർണ്ണൂരിലെ കൊളപ്പുള്ളിയിൽ ജി.ബി. സിൻഡ്രോം എന്ന പനി പടർന്നു പിടിച്ച് രണ്ടു പേർ മരണമടഞ്ഞു. ജില്ലയുടെ മറ്റു പല ഭാഗങ്ങളിലും ഈ പനി പടർന്നു പിടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഭാരിച്ച ചികിത്സാ ചെലവു വരുന്ന ഈ രോഗബാധയുടെ കാരണം കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല പനി ബാധിച്ചവരെ സാമ്പത്തികമായി സഹായിക്കാനും മരിച്ചവരുടെ കുടുംബങ്ങൾക്ക് ആശ്വാസം എത്തിക്കാനും പനിയുടെ സ്രോതസ്സ് കണ്ടെത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ജി.ബി. സിൻഡ്രോം എന്ന പനി പടർന്നു പിടിച്ചിരിക്കുന്നതായ വാർത്തകൾ സ്ഥിരീകരിച്ചിട്ടുണ്ട്. പൂനയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധന്മാരായ ഡോക്ടർമാരടങ്ങുന്ന ഒരു ടീം രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വിശദമായ പരിശോധന നടത്തി, വൈറസ് ബാധയല്ല രോഗകാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനു പ്രത്യേക ചികിത്സയില്ലെന്നും പകർച്ചവ്യാധി അല്ലെന്നുമാണ് വിദഗ്ദ്ധാഭിപ്രായം. പാരിസ്ഥിതിക സർവ്വേയും ആരോഗ്യ ബോധവൽക്കരണ പരിപാടികളും ഗൃഹസന്ദർശനവും സംഘടിപ്പിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. രോഗം

ബാധിച്ചവർക്ക് ശുശ്രൂഷകൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. വളരെയേറെ ശ്രദ്ധ ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്.

(15) കർഷക കടാശ്വാസ പദ്ധതി

ശ്രീ. രാജാജി മാത്യു തോമസ്: സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും പ്രഖ്യാപിച്ചിട്ടുള്ള കർഷക കടാശ്വാസ വായ്പയുടെ ആനുകൂല്യം യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കുന്നതിന് കുറ്റമറ്റ സംവിധാനം ഉറപ്പു വരുത്തുക തുടങ്ങി അടിയന്തിര പ്രാധാന്യമുള്ള നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അഖിലേന്ത്യാ കിസാൻ സഭയുടെ നേതൃത്വത്തിൽ കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങളുടെ മുമ്പിൽ കർഷകർ ഇന്നു ധർണ്ണ നടത്തുകയാണ്. അവരുടെ ആവശ്യങ്ങൾ പരിഗണിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരം ചെറുകിട ഇടത്തരം കർഷകർക്ക് 1997 മാർച്ച് 31 നു ശേഷം 2007 മാർച്ച് 31 വരെ വിതരണം ചെയ്തിട്ടുള്ളതും 2007 ഡിസംബർ 31 -ലെ കണക്കു പ്രകാരം പണമടവ് ബാക്കി നിൽക്കുന്നതും 2008 ഫെബ്രുവരി 29 വരെ അടച്ചതും പൂർത്തീകരിക്കാത്തതുമായ പുന:ക്രമീകരിച്ച കാർഷിക വായ്പകൾ, പ്രകൃതി ദുരന്തം കാരണം 2007 മാർച്ച് 31 വരെ സാധാരണ ഗതിയിൽ പുന:ക്രമീകരണം ചെയ്ത കാർഷിക വായ്പകൾ എന്നിവയാണ് ഈ കടാശ്വാസ പദ്ധതിയിലെ അർഹമായ തുക എന്ന് മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ മാർഗ്ഗ നിർദ്ദേശങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ചില മാറ്റങ്ങൾ ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ പ്രതികരണം ഉണ്ടായില്ല. അർഹമായ കർഷകരുടെ ലിസ്റ്റ് ജൂൺ 30-നകം പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലിസ്റ്റിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവർ ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ

അവരെ ഉൾപ്പെടുത്തുന്നതിനും ചൂണ്ടിക്കാണിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്. കിസാൻ അഭിമാൻ എന്ന പേരിൽ കർഷകക്ഷേമ നിധി ഈ സാമ്പത്തിക വർഷം നിലവിൽ വരുന്നതാണ്. ജില്ലാ-കൃഷി ഭവൻ തലത്തിലും കാർഷിക ഉപദേശക സമിതികൾ പുന:സംഘടിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(16) ചുണ്ടൻ വള്ളങ്ങൾക്ക് സംരക്ഷണ ഗ്രാന്റും ബോണസ്സും പ്രൈസ് മണിയും ലഭ്യമാക്കൽ

ശ്രീ. തോമസ് ചാഴികാടൻ: കേരളത്തിന്റെ ടൂറിസം വികസനത്തിൽ വലിയ പങ്കു വഹിക്കുന്ന നെഹ്റു ട്രോഫി-ചമ്പക്കുളം വള്ളംകളികളിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് ഗ്രാന്റ് നൽകുന്നതുപോലെ തുഴച്ചിൽക്കാരുടെ എണ്ണത്തിനാനുപാതികമായി വെപ്പ്, ഇരുട്ടുകുത്തി, ചുരുളൻ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കളിവള്ളങ്ങൾക്കും മെയിന്റനൻസ് ഗ്രാന്റ് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) ജലോൽസവങ്ങൾ നമ്മുടെ സംസ്ഥാനത്തെ വളരെയധികം ആകർഷിക്കപ്പെടുന്ന ഒരു കായികമേളയായി മാറിയിരിക്കുകയാണ്. വള്ളം കളിയിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് 25,000 രൂപ വാർഷിക മെയിന്റനൻസ് ഗ്രാന്റ് നൽകുന്നുണ്ട്. തുഴച്ചിൽക്കാരുടെ എണ്ണത്തിനാനുപാതികമായി വെപ്പ്, ഇരുട്ടുകുത്തി, ചുരുളൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട കളിവള്ളങ്ങൾക്കും ഗ്രാന്റ് നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(17) കൃഷി നശിച്ചവർക്കുള്ള ധനസഹായ വിതരണം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിൽ വേനൽ മഴയിൽ കൃഷി നാശം സംഭവിച്ചവർക്ക് അടിയന്തിര ധനസഹായം പ്രഖ്യാപിച്ചത് ചില ജില്ലകളിൽ കൃഷിഭവനുകൾക്ക് കീഴിൽ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഈ കർഷകർക്ക് അടിയന്തിരമായി സഹായം എത്തിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): തൃശ്ശൂർ ജില്ലയിൽ വേനൽമഴയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 300 ലക്ഷം രൂപ അനുവദിച്ചതിൽ 269.82 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ഇതുവരെ ആക്ഷേപങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. കൃഷിക്കാരുടെ നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തി അർഹമായ ധനസഹായം നൽകാനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(18) കാലവർഷക്കെടുതിക്കിരയായവരെ പുനരധിവസിപ്പിക്കൽ

ശ്രീ. കെ.സി. കുഞ്ഞിരാമൻ: വയനാട് ജില്ലയിലെ വാളാംതോട് പ്രദേശത്ത് കാലവർഷക്കെടുതിയും ഉരുൾപൊട്ടലും മൂലം വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വയനാട് ജില്ലയിലെ വാളാംതോട് പ്രദേശത്ത് കാലവർഷക്കെടുതിയും ഉരുൾപൊട്ടലും മൂലം വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുന:രധിവസിപ്പിക്കാനുള്ള നടപടികൾ

സ്വീകരിച്ചു വരുന്നു. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ സ്ഥിരം ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള വാളാംതോട്, കുന്നമംഗലം സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ച് ഫാസ്റ്റ് ട്രാക്ക് പ്രോസസ്സ് പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടി സ്വീകരിച്ചു വരുന്നു. 611 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വീട് പണിതു കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(19) വെട്ടം പി.എച്ച്.സി.യെ സി.എച്ച്.സി. ആക്കി ഉയർത്തൽ

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി: 500-ൽ അധികം രോഗികൾ ദിനംപ്രതി വന്നുപോയിക്കൊണ്ടിരിക്കുന്ന വെട്ടം പി.എച്ച്.സി.യെ സി.എച്ച്.സി. ആക്കി ഉയർത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ആവശ്യമായ ഭൗതിക സൗകര്യങ്ങളുള്ള വെട്ടം പി.എച്ച്.സിയുടെ തൊട്ടടുത്ത് മറ്റൊരു സി.എച്ച്.സി. പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് വെട്ടം പി.എച്ച്.സി.യെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഐ.പി.യുള്ള ഒരു സ്പെഷ്യൽ ഗ്രേഡ് പി.എച്ച്.സി.ആയി ഉയർത്താനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതാണ്.

(20) ഡയറി ട്രെയിനിംഗ് സെന്റർ അനുവദിക്കൽ

ശ്രീ. ബാബുപോൾ: മൂവാറ്റുപുഴയിൽ മൃഗസംരക്ഷണവകുപ്പിനു കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന ഒന്നര ഏക്കറോളം സ്ഥലത്ത്. അത്മാ

സ്കീമിൽ ഫണ്ട് ലഭ്യമാക്കി ഒരു ഡയറി ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): മൂവാറ്റുപുഴയിൽ പുതിയ ഡയറി പരിശീലന കേന്ദ്രം തുടങ്ങാൻ ജീവനക്കാരുടെ ശമ്പളമിനത്തിൽ 15 ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 10 ലക്ഷം രൂപയും വേണ്ടിവരും. ഈ വസ്തുതകളെല്ലാം പരിഗണിച്ച് മൂവാറ്റുപുഴയിൽ ഡയറി ട്രെയിനിംഗ് സെന്റർ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

(21) മുറിയങ്കണ്ണി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

ശ്രീമതി കെ.എസ്. സലീഖ: ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മുറിയങ്കണ്ണി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2004-ൽ തുടങ്ങിയതാണ്. ചില സാങ്കേതിക കാരണങ്ങളാൽ ആ ടെണ്ടർ റദ്ദു ചെയ്തു. 2007-ൽ പുതുക്കിയ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് നൽകിയിട്ടുള്ള ഈ പാലത്തിന്റെ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മുറിയങ്കണ്ണി പാലത്തിന് 200 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയതാണ്. ടെണ്ടർ വിളിച്ച് സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രസ്തുത പാലം പണി ഏറ്റെടുക്കുകയും പണി ആരംഭിച്ചശേഷം എൽ.ബി.എസ് ഡിസൈൻ ചെയ്ത പാലത്തിന്റെ ഫൗണ്ടേഷനിൽ മാറ്റം ആവശ്യമാണെന്ന് കാണിച്ച് കോർപ്പറേഷൻ പണി ഉപേക്ഷിക്കുകയും ചെയ്തു. വീണ്ടും ടെണ്ടർ വിളിച്ച് 18 ശതമാനം നിരക്കിൽ പുതിയ കരാറുകാരനെക്കൊണ്ട് വർക്ക് ആരംഭിച്ചെങ്കിലും വർക്കിന്റെ കാലാവധി

അവസാനിക്കുകയും പ്രസ്തുത കോൺട്രാക്ടർ വർക്കിൽ നിന്നും പിൻമാറുകയും ചെയ്തു. പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാമെന്ന് അറിയിച്ചതിനെത്തുടർന്നാണ് പാലം പണിക്കുള്ള നടപടികൾ എടുത്തിരുന്നത്. ഇതുവരേയും സ്ഥലം ലഭ്യമായിട്ടില്ല. പ്രസ്തുത പാലവും അപ്രോച്ച് റോഡും പണിയുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(22) <u>കൊയ്ത്ത് തൊഴിലാളികൾക്ക് ഇൻസെന്റീവ്</u>

<u>ശ്രീ. എം.കെ. പുരുഷോത്തമൻ</u> : പൊക്കാളി കൊയ്ത്തുകാർക്ക് നൽകിക്കൊണ്ടിരുന്ന ഇൻസെന്റീവ് പുനരാരാംഭിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u> :നെൽക്കൃഷി മേഖലയുടെ മുന്നേറ്റം സാദ്ധ്യമാകണമെങ്കിൽ കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും യോജിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. 1998 മുതൽ 2000-വരെ പൊക്കാളി കൊയ്ത്ത് തൊഴിലാളികൾക്ക് പൊക്കാളി നില വികസന ഏജൻസികൾ മുഖേന ആനുകൂല്യം നൽകിയിരുന്നു. കുറഞ്ഞത് അഞ്ച് ദിവസമെങ്കിലും കൊയ്ത്ത് ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് ഒരു ദിവസം 20 രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിൽ ഈ ആനുകൂല്യം കൊടുക്കുന്നതിൽ തടസ്സവാദം ഉന്നയിച്ചുവെന്ന കാരണത്താൽ തുടർന്നുള്ള വർഷങ്ങളിൽ ആനുകൂല്യം നൽകിയിട്ടില്ല. ഈ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

ജലനിധിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2008-2009 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യു.ടി.തോമസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന -IX– വാഹന നികുതികൾ (19,59,89,000 രൂപ)

ധനാഭ്യർത്ഥന -XIV– സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും ( 106,38,59,000 രൂപ)

ധനാഭ്യർത്ഥന -XLI– ഗതാഗതം ( 113,16,07,000 രൂപ)

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന -XXXIII– മത്സ്യബന്ധനം ( 106,35,57,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):വാഹന നികുതികൾ എന്ന-IX-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ കെ.സി. വേണുഗോപാൽ, എ.പി. അനിൽ കുമാർ, കെ.സി. ജോസഫ്. കെ. അച്ചുതൻ. കെ. ബാബു, കെ. ശിവദാസൻ നായർ, ആര്യാടൻ മുഹമ്മദ്, ജോർജ് മേഴ്സിയർ, ബി. ബാബു പ്രസാദ്, ടി.എൻ. പ്രതാപൻ, സി.പി. മുഹമ്മദ്, ജി. കാർത്തികേയൻ, വർക്കല കഹാർ, എൻ. ശക്തൻ, എം.എ. വാഹീദ്, പ്രൊഫ. കെ.വി. തോമസ്, സി.ടി. അഹമ്മദ് അലി, കെ.മുഹമ്മദുണ്ണി ഹാജി, കെ. കുട്ടി അഹമ്മദ് കുട്ടി, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, തോമസ് ചാഴികാടൻ, തോമസ് ഉണ്ണിയാടൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. മുരളി, യു.സി. രാമൻ, ജി.കാർത്തികേയൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. വർക്കല കഹാർ :ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇച്ഛാശക്തിയില്ലാത്തതും അഴിമതി നിറഞ്ഞതുമായ ഒരു ഭരണമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ റോഡപകടങ്ങളിൽപ്പെട്ട് 81,245 പേർ മരണമടയുകയും 7529 പേർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ ശോച്യാവസ്ഥയും, ഡ്രൈവർ മദ്യപിച്ച്

വണ്ടിയോടിക്കുന്നതുമാണ് റോഡപകടങ്ങൾ ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം. ശാസ്ത്രീയമായ വിധത്തിലുള്ള പരിശീലനം ഹെവി വെഹിക്കിൾ ഡ്രൈവർമാർക്ക് കൊടുക്കണം. ഹെവി മോട്ടോർ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. തീർത്ഥാടന പ്രദേശങ്ങളിലേയ്ക്കുള്ള ഷെഡ്യൂളുകൾ പുന:സ്ഥാപിക്കണം. സംസ്ഥാനത്തെ 80 ശതമാനത്തോളം വരുന്ന പി.ഡബ്ള്യു.ഡി റോഡുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തതിനെത്തുടർന്ന് അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ അവർക്കു ചെയ്യാൻ സാധിക്കാത്തതിനാൽ അവ പൊതുമരാമത്ത് വകുപ്പിനെ തിരിച്ചേൽപിച്ച് അപകടാവസ്ഥ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ആർ.ടി. ആഫീസുകളിൽ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി രജിസ്ട്രേഷൻ, നികുതി അടയ്ക്കൽ, ലൈസൻസ് പുതുക്കൽ, പെർമിറ്റ് നൽകൽ എന്നീ കാര്യങ്ങൾ ഇലക്ട്രോണിക് ഫയലിംഗിന് വിധേയമാക്കുകയും വെബ്സൈറ്റിലൂടെ കാര്യങ്ങളുടെ പുരോഗതി ജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. തുറന്ന ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിനുള്ള ചുമതല മത്സ്യമേഖലയിലെ സഹകരണ സംഘങ്ങളെ ഏല്പിക്കുകയാണെങ്കിൽ ആ രംഗത്തെ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കുന്നതിന് സഹായകരമാകും. സുനാമിക്കുശേഷം മത്സ്യം കുറവായതിനാൽ പട്ടിണിയിലായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും തൊഴിൽ സാഹചര്യം ഉണ്ടാക്കിക്കൊടുക്കണം. ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച കേന്ദ്ര ഗവൺമെന്റിന്റേയും എ.ഡി.ബി.യുടേയും ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന നടപടി ശരിയല്ല.

ശ്രീ.വി.ജെ. തങ്കപ്പൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുത്തഴിഞ്ഞുകിടക്കുകയായിരുന്ന ഗതാഗത വകുപ്പിനെയും കെ.എസ്.ആർ.ടി.സി.യെയും നേർവഴിക്ക് കൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചു. നിർത്തലാക്കപ്പെട്ട ബസ് ബോഡി നിർമ്മാണം വിജയകരമായി പുനരാരംഭിച്ചതുവഴി കുറെ ചെറുപ്പക്കാർക്ക് ജോലി ലഭിക്കാനും ഖജനാവിന് വന്നുകൊണ്ടിരുന്ന നഷ്ടം ഒഴിവാക്കാനും കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി വളരെ സൗകര്യപ്രദവും ആകർഷകവുമായ ബസ്സുകളാണ് ബോഡി ബിൽഡിംഗ് യൂണിറ്റിലൂടെ ഇപ്പോൾ പുറത്തിറക്കുന്നത്. സമാന്തര സർവ്വീസുകൾക്കു ബദലായി കൊണ്ടുവന്ന മിനി ബസ്സുകൾ സ്പെയർ പാർട്ട്സ് കിട്ടാത്തതുകാരണം ഓടാൻ കഴിയാത്ത സ്ഥിതിയിലാണ്. മുൻകാലത്തെ അപേക്ഷിച്ച് ടാറ്റയുടേയും ലെയ്‌ലാന്റിന്റേയും ബസ് ചെയ്സിസ്സുകൾ വളരെ കുറഞ്ഞ വിലയ്ക്ക് വാങ്ങാൻ കഴിയുന്നു എന്നുള്ളത് നേട്ടം തന്നെയാണ്. സ്വകാര്യ ബസ്സുകളില്ലാത്ത തിരുവനന്തപുരം ജില്ലയിലെ തെക്കൻ പ്രദേശങ്ങളിൽ ബസ് സർവ്വീസ് സംബന്ധിച്ച് യാതൊരു പരാതിയും നിലവിലില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കൈവശമുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളും മാളുകളും പണിത് വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. വിരമിക്കുന്ന ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ജനങ്ങൾക്ക് ശാപമായി മാറിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി.യെ

പരമാവധി ഗുണകരമായി മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. കഴിഞ്ഞ രണ്ടു വർഷക്കാലംകൊണ്ട് ഫിഷറീസ് വകുപ്പിലും രജിസ്ട്രേഷൻ വകുപ്പിലും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്തിട്ടുണ്ട്.

ശ്രീ. യു. സി.രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനമനസ്സുകളിൽ അമിതപ്രതീക്ഷയോടെ അധികാരത്തിലേറിയ ഈ ഗവൺമെന്റ് കെടുകാര്യസ്ഥതയുടേയും കഴിവുകേടിന്റേയും കാപട്യത്തിന്റേയും പ്രതീകമായി മാറിയിരിക്കുകയാണ്. സമര രംഗത്തേയ്ക്ക് കടന്നുവരുന്ന സ്ത്രീകളേയും വിദ്യാർത്ഥികളേയും യുവജനങ്ങളേയും ക്രൂരമായി മർദ്ദിക്കുകയാണ്. മത്സ്യബന്ധന മേഖലയിൽ ഗുണകരമായ ഒരു പ്രവർത്തനവും നടക്കുന്നില്ല. സുനാമി ബാധിതർക്കായി കൊച്ചി തുറമുഖത്ത് എത്തിയ നാലുകോടി രൂപ വിലമതിക്കുന്ന വിദേശ ആധുനിക മത്സ്യബന്ധന ബോട്ടുകൾ ഇതുവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ഭൂമാഫിയയും ചില ഉദ്യോഗസ്ഥരും ചേർന്ന് ഭൂമിയുടെ ന്യായവില അട്ടിമറിച്ചതിനെക്കുറിച്ച് സർക്കാർ സമഗ്രമായി അന്വേഷിക്കണം. ലോഡ് ഷെഡ്ഡിംഗ് വന്നതോടെ സാമൂഹ്യവിരുദ്ധരുടെ വിളയാട്ടം അതിക്രമിച്ചിരിക്കുകയാണ്. കെ.എസ്.ആർ. ടി.സി.യിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കഴിവുകൾ പ്രയോജനപ്പെ ടുത്താനും അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ഫല പ്രദമായി അവ നടപ്പിലാക്കാനുമുള്ള സംവിധാനം ഉണ്ടാക്കണം. തകർന്നു കിടക്കുന്ന ലോറി സർവ്വീസ് മേഖലയെ ശക്തിപ്പെടുത്തണം. റോഡ് ടാക്സ് കുറയ്ക്കാനും ഗതാഗതമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് ഗതാഗതനയം രൂപീ കരിക്കാനും സർക്കാർ തയ്യാറാകണം. കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും ബൈന്റിംഗ് സെക്ഷൻ കാര്യക്ഷമമായി പ്രവർത്തിപ്പി

ക്കുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളെ ബോധപൂർവ്വം പീഡിപ്പിക്കുന്ന അവസ്ഥ ഒഴിവാക്കണം. മണ്ണെണ്ണ പെർമിറ്റിനുള്ള വെരിഫിക്കേഷൻ റിപ്പോർട്ട് കൃത്യസമയത്ത് നൽകാനും മരിച്ചവരുടെ പേരിലുള്ള പെർമിറ്റ് ചെയിഞ്ച് ചെയ്ത് കൊടുക്കാനും ശ്രദ്ധിക്കണം. മത്സ്യത്തൊഴിലാളികളോടുള്ള വിവേചനം അവസാനിപ്പിക്കണം.

<u>ശ്രീ. പി. തിലോത്തമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യബന്ധന മേഖലയിൽ ശ്രദ്ധേയമായ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെങ്കിലും അവരുടെ ദുരവസ്ഥയ്ക്ക് ഇന്നും മാറ്റമുണ്ടായിട്ടില്ല. സമുദ്രോൽപ്പന്ന കയറ്റുമതിയിലൂടെ പ്രതിവർഷം 8363 കോടി രൂപയുടെ വിദേശനാണ്യം കിട്ടുമ്പോൾ കേരളത്തിന്റെ സംഭാവന 1524 കോടി രൂപയാണ്. വിദേശനാണ്യം നേടിത്തരുന്നതിനുപുറമെ നമ്മുടെ പ്രധാനപ്പെട്ട ഭക്ഷണവും കൂടിയാണ് മൽസ്യം. മത്സ്യത്തൊഴിലാളി മേഖലയിൽ ക്ഷേമനിധി ഏർപ്പെടുത്തിയതും അവർക്കാവശ്യമായ നിയമനിർമ്മാണം നടത്തിയതും സ്വാഗതാർഹമാണ്. പെൻഷൻ തുകയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ തീരുമാനമെടുത്തു. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നടപ്പിലാക്കുകയും അതിനായി 7 കോടി രൂപ വിതരണം ചെയ്യുകയും തലച്ചുമടായി മത്സ്യം വിൽക്കുന്ന സ്ത്രീകൾക്ക് 300 വാഹനങ്ങൾ വിതരണം ചെയ്യുകയും ചെയ്ത സർക്കാർ നടപടി ശ്ലാഘനീയമാണ്. റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യാനും മത്സ്യത്തൊഴിലാളികളുടെ ഗ്രാമ സംഘങ്ങൾക്കുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് ധനസഹായമുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ പ്രഖ്യാപിച്ചു. കേന്ദ്ര

സഹായത്തോടെ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇടത്തട്ടുകാരിൽ നിന്നുള്ള ചൂഷണം ഒഴിവാക്കാൻ മൽസ്യ മേഖലയിലുള്ളവർക്കായി പലിശ രഹിത വായ്പ അനുവദിക്കുകയും ചേർത്തല, അർത്തുങ്കൽ, ചെത്തി, ചെല്ലാനം തുടങ്ങി ധാരാളം മൽസ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാർണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്ത് മൽസ്യത്തൊഴിലാളികൾക്കാശ്വാസകരമായ പല നടപടികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. മൽസ്യബന്ധനത്തിനുപയോഗിക്കുന്ന മുഴുവൻ യാനങ്ങൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മൽസ്യ ബന്ധനത്തിനിടയ്ക്കുണ്ടാകുന്ന ദുരന്തങ്ങൾക്കും മൽസ്യബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ ഉണ്ടാകണം. മൽസ്യ സമ്പത്ത് കുറയുന്നതിന് പ്രധാന കാരണമായ കായൽ/കടൽ മലിനീകരണത്തിനെതിരെ നടപടികൾ സ്വീകരിക്കണം. സുനാമി പുനരധിവാസ പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്ന സാഹചര്യത്തിൽ, സുനാമി സ്കോളർഷിപ്പിന് അപേക്ഷകരെ തെരഞ്ഞെടുത്തിലുണ്ടായ അപാകതകളെക്കുറിച്ച് പുന:പരിശോധന നടത്തണം. ആലപ്പുഴ ജില്ലയിൽത്തന്നെ അത്തരത്തിലുള്ള ധാരാളം പരാതികൾ ഉണ്ടായിട്ടുണ്ട്. കായലോര ദേശീയ ജലപാത നിർമ്മിക്കണം. ഉൾനാടൻ മൽസ്യമേഖലയെ പരിപോഷിപ്പിക്കാനുള്ള പദ്ധതികൾ ത്വരിതഗതിയിൽ നടപ്പിലാക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജീവനക്കാർക്കുള്ള ശമ്പളം, പെൻഷൻ എന്നിവയ്ക്കെല്ലാം കടം എടുത്ത് നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി. നാശത്തിന്റെ വക്കിലാണ്.

കെ.ടി.ഡി.എഫ്.സി., ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നൊക്കെ കടമെടുത്ത വകയിൽ കെ.എസ്.ആർ.ടി.സി. കൊടുക്കാനുള്ളത് കോടിക്കണക്കിന് രൂപയാണ്. സർക്കാരിന്റെ ഔദാര്യത്തിൽ മാത്രമാണ് ഇപ്പോൾ ഈ സ്ഥാപനം മുന്നോട്ടുപോകുന്നത്. അയൽസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. സർവ്വീസിനെ ആശ്രയിക്കുന്നത് ഇപ്പോൾത്തന്നെ ഉപഭോക്താവിന് നഷ്ടമാണെന്നിരിക്കെ ടിക്കറ്റ് ചാർജ്ജ് വർദ്ധനവ് ഏർപ്പെടുത്തിയാൽ കോർപ്പറേഷന്റെ നിലനിൽപ്പ് തന്നെ അവതാളത്തിലാകും. ആർ.ടി. ആഫീസുകളിലെ അഴിമതി ഉന്മൂലനം ചെയ്യാൻ അവിടെ ഇൻഫർമേഷൻ ടെക്നോളജി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. ഇന്റർനെറ്റിലൂടെ അപേക്ഷകൾ സ്വീകരിക്കാനും രജിസ്ട്രേഷൻ, പെർമിറ്റ് എന്നിവയ്ക്കായി ഇലക്ട്രോണിക് ഫയലിംഗ് സംവിധാനം ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കണം. ആർ.ടി. ഓഫീസുകളുടെ പ്രവർത്തനരീതി വെബ്സൈറ്റിലൂടെ ജനങ്ങൾ അറിയത്തക്കരീതിയിൽ സുതാര്യമാക്കണം. ഏതാണ്ട് ഇരുപത് വർഷത്തെ കണക്കെടുത്ത് പരിശോധിച്ചാൽ സംസ്ഥാനത്ത് വാഹനാപകടങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. മദ്യപാനത്തിനെതിരെ സ്കൂളുകളിലും കലാലയങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടത്തണം. ലൈസൻസില്ലാതെ വാഹനമോടിക്കുന്നവരിൽനിന്നും ഫൈൻ ഈടാക്കണം. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

<u>ശ്രീ. എ. എ. അസീസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ട് വർഷമായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഇൻഡ്യയ്ക്കാകെ മാതൃകയായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കർഷക കടാശ്വാസ

നിയമംപോലെ കടക്കെണിയിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ കരകയറ്റാൻ മത്സ്യത്തൊഴിലാളി കടാശ്വാസനിയമം പാസ്സാക്കിയതും അവരുടെ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. തല ചായ്ക്കാൻ ഇടമില്ലാത്ത, സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും കിടപ്പാടവും നൽകുന്നതിന് ബൃഹത് പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം മത്സ്യവിപണനത്തി ലേർപ്പെട്ടിരിക്കുന്നവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പുനലൂർ-കൊല്ലം തീരദേശ റോഡ് നിർമ്മാണം ആരംഭിച്ചു. സുനാമി ദുരന്തം മൂലം ഏറ്റവും കൂടുതൽ കെടുതികളുണ്ടായ കൊല്ലം ജില്ലയിലെ ആലപ്പാട്, ആറാട്ടുപുഴ പ്രദേശങ്ങളുടെ പുനർനിർമ്മാണത്തിനും ഭവനരഹിതരെ പുരധിവസിപ്പിക്കാനും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ട പരിഹാരം നൽകുന്നതിനും മേലിൽ ദുരന്തമുണ്ടായാൽ പ്രതിരോധിക്കാനുമുള്ള പ്രവർത്തനങ്ങൾ മാതൃകാപരമായി നടന്നുവരികയാണ്. ഇരവിപുരത്ത് 1982-ൽ സ്ഥാപിച്ച മത്സ്യത്തൊഴിലാളി കോളനിയിലെ നൂറ് ഭവനങ്ങളിൽ നൽപ്പതെണ്ണം എട്ട് ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ചു. ബാക്കിയുള്ള 60 വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഫണ്ട് അനുവദിക്കണം. കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി കർഷക കടാ ശ്വാസ നിയമം പാസ്സാക്കി മാതൃക കാണിച്ചു. വയനാട്ടിൽ മാത്രം കർഷകർക്ക് എഴുപത് കോടി രൂപ ധനസഹായം നൽകി. കർഷക കടാശ്വാസ നിയമം വന്നതിനുശേഷമാണ് കർഷക ആത്മഹത്യ കുറഞ്ഞത്. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആത്മഹത്യ ചെയ്ത 850 കർഷകരുടെ ആശ്രിതർക്ക് 50,000 രൂപ വീതം നൽകുകയും അവരെടുത്ത വായ്പകൾക്കുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കുകയും ചെയ്തു. വളരെ പ്രതിസന്ധി നേരിടുന്ന കെ. എസ്. ആർ. ടി. സി. യെ നന്നാക്കാനുള്ള അശ്രാന്ത പരിശ്രമത്തിനിടയിൽ ജനപ്രതിനിധികളുടെ അഭ്യർത്ഥനകൾക്ക് പരിഗണന നൽകണം. ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തേക്കാൾ കൂടുതൽ തുക പെൻഷൻ കൊടുക്കേണ്ടതായി വരുന്നുണ്ട് കെ. എസ്. ആർ. ടി.സി. പുന:സംഘടിപ്പിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതോടൊപ്പം അതിനെ ലാഭത്തിലാക്കാനുള്ള നടപടികളും സ്വീകരിക്കണം.

ശ്രീ. എം. ഹംസ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യാരാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് പൊതുമേഖലയെ നശിപ്പിക്കുകയും സ്വകാര്യ മേഖലയെ വളർത്തുകയുമെന്നത്. അതാത് കാലത്ത് ഭരിച്ചവരുടെ ഇഷ്ടാനിഷ്ടങ്ങളുടെ പരിണതഫലമാണ് കെ. എസ്. ആർ. ടി. സി. യെ നഷ്ടത്തിലേയ്ക്ക് എത്തിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കാനും അതിന് ഉത്തരവാദികളായവരെ പൊതുജനമധ്യത്തിൽ കൊണ്ടുവരാനുമാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരുമാനം 73 കോടി രൂപയിൽനിന്ന് 86 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അവിടെ പുതുതായി 8000 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ ഇന്ധന ക്ഷമതയും ജീവനക്കാരുടെ കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ട്. നികുതി വരുമാനം ഉയർത്തിക്കൊണ്ട് മോട്ടോർ വാഹന

വകുപ്പിനെ മികവുറ്റ ഒരു വകുപ്പാക്കി മാറ്റാൻ ഈ ഗവൺമെന്റിന് സാധിച്ചു. കേരളത്തിൽ വാഹന അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണം കണ്ടെത്തേണ്ടതുണ്ട്. 99.2 ശതമാനം അപകടങ്ങളും ഡ്രൈവർമാരുടെ അശ്രദ്ധ കൊണ്ടാണ് ഉണ്ടാകുന്നതെന്ന് ഇത് സംബന്ധിച്ച പഠനം വ്യക്തമാക്കുന്നുണ്ട്. അപകട മരണങ്ങൾക്ക് ഉത്തരവാദിയായ ഡ്രൈവർമാരുടെ പേരിൽ കർശനമായ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. സ്പീഡ് ട്രേസർ, ഇന്റർസെപ്റ്റർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് അപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഡിജിറ്റൽ വീഡിയോ ക്യാമറയും ഡിജിറ്റൽ വീഡിയോ റിക്കോർഡറും സ്ഥാപിച്ചു. ഇതിന്റെ എണ്ണം ഇനിയും വർദ്ധിപ്പിക്കണം. വാഹനങ്ങളിൽ ഡി.വി.ഡി., മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുന്നത് തടയണം. മോട്ടോർ വാഹന ഡിപ്പാർട്ട്മെന്റിലെ അഴിമതി ഒഴിവാക്കാൻ നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. ആർ.ടി. ഓഫീസുകളിൽ ഏജന്റുമാരുടെ സഹായത്തോടുകൂടി മാത്രമേ കാര്യങ്ങൾ നടക്കൂ എന്നുള്ള സ്ഥിതിക്ക് പരിഹാരമുണ്ടാകണം. തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിന് തയ്യാറാകണം. ടൂറിസ്റ്റ് ടാക്സി പെർമിറ്റും ആതറൈസേഷനും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ കപ്പൽ ഗതാഗത സൗകര്യം ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അച്ചടി വകുപ്പിൽ ഫണ്ടുകൾ ലാപ്സായിപ്പോകുന്ന അവസ്ഥ അവസാനിപ്പിക്കണം. ഗവൺമെന്റ് പ്രസ്സുകളെ മാറ്റണം. അതിനായി

ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽക്കരിക്കണം. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന് പ്രത്യേകമായ വെബ്സൈറ്റ് അനുവദിക്കണം. അവിടെ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യബന്ധന വകുപ്പിൽ 40 ഇനങ്ങളിലായി 65 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മത്സ്യ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി 7 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചു. ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് റേഷൻ കൊടുക്കാൻ വേണ്ടി 86.5 കോടി രൂപ ചെലവാക്കിയത് അഭിനന്ദനാർഹമാണ്. രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം 1872.89 കോടി രൂപയായി ഉയർന്നു. ആധാരങ്ങളുടെ രജിസ്ട്രേഷനും മറ്റ് സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കി. റിയൽ എസ്റ്റേറ്റ് മാഫിയകൾ, കള്ള പ്രമാണം തയ്യാറാക്കുന്നവർ എന്നിവരെ നിയന്ത്രിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം കർശനമാക്കണം. ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം കാര്യക്ഷമമാക്കണം. ആധാരം എഴുത്ത് മേഖലയിൽ കമ്പ്യൂട്ടറൈസേഷൻ കൊണ്ടുവരുന്നതിനും ആധാരം എഴുത്തുകാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും പ്രാധാന്യം നൽകണം.

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മോട്ടോർ വാഹന വകുപ്പിന്റെ കാര്യക്ഷമത വർദ്ധിച്ചു എന്ന് പറയുന്നത് ശരിയല്ല. കഴിഞ്ഞ വർഷം മുതൽ മോട്ടോർ വാഹന വകുപ്പ് എല്ലാ സേവനങ്ങൾക്കും സർവ്വീസ് ചാർജ്ജ് ഏർപ്പെടുത്താൻ തീരുമാനിച്ചു. പണം ചെലവഴിക്കുന്നതല്ലാതെ സേവനം യഥാസമയം ലഭ്യമാക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 3500 ബസ്സുകളാണ്

ഓടിക്കൊണ്ടിരുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 500 പുതിയ ബസ്സുകൾ കൂടി വാങ്ങി നിരത്തിലിറക്കിയെങ്കിലും ഒരു ബസ്സിൽ നിന്ന് കിട്ടിക്കൊണ്ടിരുന്ന കളക്ഷൻ 7442 രൂപ എന്നത് 6815 രൂപയായി കുറയുകയാണുണ്ടായത്. ഗുണമേന്മയില്ലാത്ത വില കുറഞ്ഞ ചെയ്സിസ് വാങ്ങിയതുകാരണം അവയുടെ ആയുസ്സ് കുറഞ്ഞു, പല തവണ എഞ്ചിൻ overhaul ചെയ്യേണ്ടി വരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2:1 എന്ന റേഷ്യോയിൽ ലെയ്ലാന്റ്, ടാറ്റ വണ്ടികളാണ് വാങ്ങിയിരുന്നത്. ഈ സർക്കാർ ആ റേഷ്യോ മാറ്റിയിരിക്കുകയാണ്. നേരത്തെ ഉണ്ടായിരുന്ന വണ്ടികൾക്ക് 4.17 കി.മീ. ആണ് മൈലേജ് ലഭിച്ചിരുന്നതെങ്കിൽ ഇപ്പോഴുള്ള വണ്ടികളുടെ മൈലേജ് കുറയുകയും ചെലവ് വർദ്ധിക്കുകയും ചെയ്തു. മുമ്പ് വോൾവോ ബസ്സുകളും ലാഭത്തിലാണ് ഓടിയിരുന്നത്. കെ.എസ്.ആർ.ടി.സി. ബസ് ഒരു കി.മീ. ഓടിക്കാൻ 8.45 രൂപയാണ് ചെലവാക്കുന്നത്. ഒരു ബസ് 10 ലക്ഷം കിലോമീറ്റർ ഓടുമ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് 2,80,000 രൂപയുടെ നഷ്ടമുണ്ടാകും. മിനി ബസ് സംവിധാനം മലയോര പ്രദേശങ്ങളിലെ പാവപ്പെട്ടവരെ ഉദ്ദേശിച്ച് ചെറിയ ഇടുങ്ങിയ റോഡുകളിലൂടെ ഓടിക്കാനാണ് യു.ഡി.എഫ്. ഗവൺമെന്റ് വാങ്ങിയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കളക്ഷൻ കുറവാണെന്ന കാരണത്താൽ ഇത്തരം റൂട്ടുകൾ ക്യാൻസൽ ചെയ്തു. ഡീസലിന്റെ വില വർദ്ധനവ് കാരണം നഷ്ടം വീണ്ടും വർദ്ധിക്കുമെന്നതിൽ സംശയമില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ കുടിശ്ശികയായിരുന്ന അഞ്ച് മാസത്തെ പെൻഷൻ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൊടുത്തു തീർത്തു. ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസ്സിന്റെ

കണക്കുപ്രകാരം 2005-06-ൽ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 106 കോടി രൂപയായിരുന്നെങ്കിൽ ഇപ്പോൾ അത് 250 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ മേഖലയിലെ വീഴ്ചകൾ പരിഹരിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. എ.എം. യൂസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയ്ക്കുവേണ്ടി ഒട്ടേറെ നിയമങ്ങൾ കൊണ്ടുവന്നു. സുനാമിയുമായി ബന്ധപ്പെട്ട് 65 കോടി രൂപയുടെ 40 പ്രോജക്ടുകൾ നടപ്പിലാക്കി. ഈ മേഖലയിൽ നിരവധി ആനുകൂല്യങ്ങൾ നൽകി ഒരു പുത്തൻ ഉണർവ്വുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ചു. ആലുവയിലെ അലങ്കാര മത്സ്യക്കയറ്റുമതി കേന്ദ്രത്തിന് 37 കോടി രൂപ നൽകി അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. മത്സ്യരംഗത്തും രജിസ്ട്രേഷൻ രംഗത്തും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ഒരുപാട് മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പണപ്പെരുപ്പത്തിന്റെ പ്രധാന കാരണമായ ഓഹരി കമ്പോളവും റിയൽ എസ്റ്റേറ്റും നിയന്ത്രിക്കാൻ സർക്കാർ രജിസ്ട്രേഷൻ നിയമത്തിലൂടെ ഒരു പരിധിവരെ നടത്തിയിട്ടുള്ള ശ്രമങ്ങൾ ശ്രദ്ധേയമാണ്. സർക്കാർ റിയൽ എസ്റ്റേറ്റ് മാഫിയകളെ നിയന്ത്രിക്കുന്നതിനാവശ്യമായ നിയമം കൊണ്ടുവരണം. ഇൻഡ്യയിലെ പണപ്പെരുപ്പം 11.42 ശതമാനമായി ഉയർന്നിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് മാഫിയകളും ഊഹക്കച്ചവടക്കാരും കമ്പോളത്തിൽ ഇടപെടുന്നതുമൂലം വിലക്കയറ്റം രൂക്ഷമാകുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്ന് പ്രാവശ്യം ബസ് ചാർജ് വർദ്ധിപ്പിച്ചവരാണ് ഇപ്പോഴത്തെ ബസ് ചാർജ് വർദ്ധനയെക്കുറിച്ച് ആക്ഷേപമുന്നയിക്കുന്നത്. കെ.എസ്.ആർ.ടി.സി.യും പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വിഭാഗവും നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്.

വിലക്കയറ്റത്തിന്റെയും വൈദ്യുതി പ്രതിസന്ധിയുടെയും പെട്രോൾ-ഡീസൽ വില വർദ്ധനവിന്റെയും ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റാണ് ഏറ്റെടുക്കേണ്ടത്. സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എപ്പോഴും കേരളത്തിന്റെ കാർഷിക വ്യാവസായിക വളർച്ചയ്ക്ക് സഹായകരമായ നിലപാടാണെടുത്തിട്ടുള്ളത്. വൈദ്യുതി ഉൽപ്പാദന രംഗത്ത് കഴിഞ്ഞ ഗവൺമെന്റ് കാണിച്ച അനാസ്ഥ മൂലമാണ് ഇപ്പോഴത്തെ പ്രതിസന്ധി ഉണ്ടായിട്ടുള്ളത്. അത് പരിഹരിക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കണം. വിവിധ പെൻഷനുകളും തൊഴിലില്ലായ്മ വേതനവും വർദ്ധിപ്പിച്ച ഈ ഗവൺമെന്റിന്റെ നടപടികൾ പ്രശംസനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. സമസ്ത മേഖലകളിലും കാര്യക്ഷമമായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അടിസ്ഥാനരഹിതമായ ആശയക്കുഴപ്പങ്ങളുണ്ടാക്കുന്ന പ്രസ്താവനകൾ ഉപേക്ഷിച്ച് ക്രിയാത്മകമായി പ്രവർത്തിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപകാരപ്രദവും സംസ്ഥാനത്തിന് വരുമാനമാർഗ്ഗവുമായ ഗതാഗത രംഗത്തെ അഴിമതി നിവാരണം ചെയ്യുന്നതിനുള്ള ശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുകവഴി ഒരു പരിധിവരെ അഴിമതി

ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണത്തിലുണ്ടായിരിക്കുന്ന അനിയന്ത്രിതമായ വർദ്ധനവ്മൂലം റോഡപകടങ്ങളും വർദ്ധിക്കുന്നു. റോഡുകളുടെ വികസനം നടക്കുന്നില്ല. റോഡ് സുരക്ഷാ നടപടികൾ നടപ്പിലാക്കിയത് ശ്രദ്ധേയമാണ്. ലൈസൻസ് കൊടുക്കുന്ന സംവിധാനത്തിൽ മാറ്റം വരുത്തണം. വാഹന പരിശോധന കർക്കശമാക്കുന്നതിനും മദ്യപിച്ച് വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനുമുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കണം. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ അപര്യാപ്തത പരിഹരിക്കണം. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണം. എം.എ.സി.ടി. കുടിശ്ശികകൾ കൊടുത്തുതീർക്കണം. പ്രിന്റിംഗ് രംഗത്ത് നിലവിലുള്ള പഴയ മെഷീനുകൾ നവീകരിക്കണം. അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്ത് കൊടുക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആധുനിക ബോട്ടുകൾ വാങ്ങാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.എം.എ. സലാം:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനോൻമുഖമായ പ്രവർത്തനങ്ങൾ നടത്തുന്ന കെ.എസ്.ആർ.ടി.സി. അവയുടെ വർക്ക് ഷോപ്പുകളെ പുനരുജ്ജീവിപ്പിച്ച് വളരെയധികം ആളുകൾക്ക് തൊഴിലവസരം നൽകുകയും 2.5 ലക്ഷം രൂപയുടെ ലാഭമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. 800 പുതിയ ബസുകൾ ബോഡിബിൽഡിംഗ് നടത്തി നിരത്തിലിറക്കി. കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവിൽ സർവ്വകാല റിക്കാർഡുണ്ടാക്കാൻ സാധിച്ചു. പുതിയ ബസുകൾ നിരത്തിലിറങ്ങിയതോടു

കൂടി മുന്നോറോളം പുതിയ ഷെഡ്യൂളുകളുണ്ടാക്കാനും മലബാർ മേഖലയിൽ ആവശ്യത്തിന് സർവ്വീസ് നടത്താനും സാധിച്ചു. ബസ് സ്റ്റേഷനുകളുടെ നവീകരണം സ്വാഗതാർഹമാണ്. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ പരിഹരിക്കുന്നതിന് ഡ്രൈവർമാർക്ക് തീവ്രപരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാഫിക് സേഫ്റ്റി ആൻഡ് റിസർച്ച് എന്ന സ്ഥാപനം മലപ്പുറം ജില്ലയിലെ എടപ്പാളിൽ സ്ഥാപിക്കുന്നതിന് 25 ഏക്കർ സ്ഥലം കണ്ടെത്തുകയും കോഴിക്കോട് അതിന്റെ താൽക്കാലിക പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് കേന്ദ്രമാക്കി സിറ്റി സർവ്വീസ് ആരംഭിക്കാനുള്ള ശ്രമം ഉണ്ടാകണം. മലബാർ മേഖലയിൽ കൂടുതൽ ഓർഡിനറി ബസുകൾ ഏർപ്പെടുത്തിയോ മറ്റു ബസുകളിൽ കൺസെഷൻ ഏർപ്പെടുത്തിയോ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കണം. കേരള ഗസറ്റ് ഓൺ ലൈൻ ആയി സർക്കാർ വെബ്സൈറ്റിൽ ലഭ്യമാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചു. മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്ന നിരവധി പദ്ധതികൾ കഴിഞ്ഞ രണ്ടുവർഷംകൊണ്ട് നടപ്പിലാക്കി. മത്സ്യബന്ധന യാനങ്ങളുടെ പരിശോധന പൂർത്തിയായിരിക്കുകയാണ്. ബോട്ടുടമ മരിച്ചുപോയാൽ അയാളുടെ ഭാര്യയ്ക്ക് മത്സ്യത്തൊഴിലാളിയായി കണക്കാക്കി മണ്ണെണ്ണ പെർമിറ്റ് നൽകിയിരുന്നു. എന്നാൽ ഇപ്പോൾ സ്ത്രീ, മത്സ്യത്തൊഴിലാളി അല്ല എന്ന വാദമുയർത്തി മണ്ണെണ്ണ പെർമിറ്റ് നിഷേധിക്കപ്പെടുകയും ഫിഷറീസ് വകുപ്പിന്റെ സമ്മതത്തോടെ രജിസ്ട്രേഷൻ മാറ്റിയവർക്ക് പുതിയ പരിശോധന കഴിഞ്ഞപ്പോൾ പെർമിറ്റ് റദ്ദാക്കുകയും ഒരാൾക്ക് ഒന്നിൽക്കൂടുതൽ പെർമിറ്റുകൾ നൽകാൻ പാടില്ലെന്നുള്ള കർശന നിർദ്ദേശമുണ്ടാകുകയും ചെയ്തത് മത്സ്യബന്ധന മേഖലയിൽ വലിയ പ്രയാസം സൃഷ്ടിച്ചിരിക്കുക

യാണ്. മത്സ്യബന്ധന മേഖലയിൽ കേന്ദ്രവിഹിതം ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.യിൽ കഴിഞ്ഞ രണ്ടുവർഷം പുത്തൻ ഉണർവ്വിന്റെ കാലമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി കെ.എസ്. ആർ.ടി.സി-ക്ക് 5 മേഖലാ വർക്ക്ഷോപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കാനും ബസ്സ് ബോഡി നിർമ്മാണം കേരളത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും ഓപ്പൺ ടെണ്ടറിലൂടെ ബസ് വാങ്ങുകവഴി ഏകദേശം രണ്ടര ലക്ഷം രൂപ ലാഭിക്കാനും കഴിഞ്ഞു. ആയിരത്തോളം പുതിയ ബസുകൾ നിരത്തിലിറക്കാനും പ്രതിദിന വരുമാനം വർദ്ധിപ്പിക്കാനും ചെലവുകൾ നിയന്ത്രിക്കാനും കെ.എസ്.ആർ.ടി.സി.ക്ക് കഴിഞ്ഞുവെന്നത് സന്തോഷകരമായ കാര്യമാണ്. യാത്രാ സംവിധാനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എ.സി. ബസുകൾ നിരത്തിലറക്കാനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും ആധുനിക ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയാനും തീരുമാനിച്ചത് ശ്രദ്ധേയമാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഡീസലിനുപകരം ഗ്യാസ് ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. സംസ്ഥാനത്തെ ജലഗതാഗത വകുപ്പിനും കാര്യമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അനാഥമായി കിടന്നിരുന്ന 10 ഫൈബർ ബോട്ടുകൾ നന്നാക്കി സർവ്വീസ് നടത്താൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കേരളത്തിന് ഏറ്റവും അനുയോജ്യമായതും ഏറ്റവും ചെലവുകുറഞ്ഞതുമായ ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകണം. അടുത്ത രണ്ടുവർഷത്തിനുള്ളിൽ തിരുവനന്തപുരത്തുനിന്നും കാസർകോട്ടേയ്ക്കുള്ള ജലപാതയുടെ പ്രവൃത്തി പൂർത്തിയാകുമെന്നത്

കേരളത്തെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ മാറ്റമായിരിക്കും. ഇന്ത്യയിൽ റോഡ് അപകടങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡുകൾ വികസിക്കുന്നില്ല. ഡ്രൈവർമാർക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ കർക്കശമാക്കി. കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയും ട്രാഫിക് നിയമം ലംഘിക്കുന്നവർക്കുള്ള പിഴയും ഗണ്യമായി വർദ്ധിപ്പിക്കണം. വാഹന പരിശോധനാ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കണം. 2008 ജനുവരി 1-ന് നിലവിൽ വന്ന റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. മദ്യപിച്ച് വാഹനമോടിക്കുന്നത് കർശനമായി തടയുന്നതിന് ആഭ്യന്തര വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി ചെക്കിംഗ് നടത്തുകയും ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യണം. അപകടകരമായ രീതിയിൽ സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന പഴക്കംചെന്ന വാഹനങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീമതി കെ.എസ്. സലീഖ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയിലെ ജനശ്രദ്ധ പിടിച്ചുപറ്റുന്ന സംസ്ഥാനമായി കേരളത്തിനെ മാറ്റാൻ കഴിഞ്ഞതിൽ ഐക്യകേരളത്തിന്റെ ആദ്യത്തെ മന്ത്രിസഭ വഹിച്ച പങ്കും നേട്ടങ്ങളും സംഭാവനകളും തമസ്ക്കരിക്കാൻ കഴിയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ കഴിഞ്ഞ രണ്ടുവർഷത്തെ ഭരണം കേരളത്തെ വളർച്ചയിലേയ്ക്ക് നയിക്കുന്നതിന് കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ ചരിത്രത്തിലാദ്യമായി ഓപ്പൺ ടെണ്ടർ ക്ഷണിച്ച് ആയിരം ബസ്സുകൾ വാങ്ങാനും കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാനും കഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ

നോക്കുകുത്തികളായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് വർക്ക്ഷോപ്പുകളിൽ ബസ്സ് നിർമ്മാണം പുനരാരംഭിച്ചു. 2008 മാർച്ചുമാസത്തിൽ 115 പുതിയ ബസ്സുകൾ നിരത്തിലിറക്കി. ടയറിന്റെ കാര്യത്തിൽ മാത്രം ഒരു വർഷം 11 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ കെ.എസ്.ആർ.ടി.സി.ക്കു കഴിഞ്ഞു. മല ബാർ മേഖലയിൽ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 8101 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ഡ്രൈവർമാരുടെ ലിസ്റ്റിൽ പി.എസ്.സി.യിലുണ്ടായിരുന്ന മുഴുവൻ പേർക്കും നിയമനം നൽകുന്നതിനും കെ.എസ്.ആർ.ടി.സി.ക്ക് കഴിഞ്ഞു. ചരിത്രത്തി ലാദ്യമായി ടിക്കറ്റ്/ടിക്കറ്റിതര വരുമാനത്തിൽ റിക്കാർഡ് വർദ്ധനവുണ്ടായി. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടേയും പെൻഷൻകാരുടേയും പ്രശ്ന ങ്ങൾക്ക് അടിയന്തിര പരിഹാരം കാണാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി. യുടെ വികസനത്തിനുവേണ്ടി രൂപീകരിച്ച സബ് കമ്മിറ്റിയുടെ പുനരുദ്ധാര ണത്തിന് ഒരു പാക്കേജ് തയ്യാറാക്കുകയും അതിന്റെ ഭാഗമായി 700 കോടി രൂപയുടെ നികുതി കുടിശ്ശിക എഴുതിത്തള്ളുന്നതിന് തീരുമാനിക്കുകയും ചെയ്തു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ ഗതാഗത വ്യവ സായത്തിനുള്ള പങ്ക് വളരെ വലുതാണ്. കാർഷിക, വ്യാവസായിക മേഖല കളുടെ വികസനത്തിനും വളർച്ചയ്ക്കും കാര്യക്ഷമമായ ഗതാഗത സംവി ധാനം അനിവാര്യമാണ്. സംസ്ഥാന സർക്കാരിന് ഏറ്റവും കൂടുതൽ നികുതി വരുമാനം നേടിക്കൊടുക്കുന്ന മോട്ടോർ വാഹന ഡിപ്പാർട്ടുമെന്റിലെ ആർ.ടി.ഓഫീസുകളിൽ നടക്കുന്ന ഉദ്യോഗസ്ഥ-ഏജന്റ് കൂട്ടുകെട്ടുകൾ പരി ഹരിക്കാൻ നടപടിയുണ്ടാകണം. മുൻവർഷങ്ങളെ അപേക്ഷിച്ച് മോട്ടോർ വാഹന വകുപ്പിലെ നികുതി വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴി ഞ്ഞത് പ്രശംസനീയമാണ്. റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി നടപ്പി

ലാക്കിയിട്ടുള്ള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ആശങ്കയിലും ഭീതി യിലുമായിരുന്ന മത്സ്യത്തൊഴിലാളികളെ ഇന്ന് ആത്മവിശ്വാസവും ലക്ഷ്യ ബോധവും ഉള്ളവരാക്കാൻ കഴിഞ്ഞു. സുനാമി ബാധിതർക്കായി മത്സ്യമേ ഖലയിൽ അനുവദിച്ച 162.8 കോടി രൂപയിൽ 64.85 കോടി രൂപ ജീവനോപാ ധികളുടെ പുന:സ്ഥാപനത്തിനും 97.97 കോടി രൂപ മത്സ്യബന്ധന തുറമുഖ ങ്ങളുടെ പുനരുദ്ധാരണത്തിനും ചെലവഴിച്ചുവരുന്നു. മത്സ്യത്തൊഴിലാളി കളുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് 3000 കോടി രൂപയുടെ തീരദേശ വികസന പദ്ധതിയാണ് സർക്കാർ നടപ്പാക്കുന്നത്. മത്സ്യമേഖല യിലെ പ്രതിമാസ പെൻഷൻ 200 രൂപയാക്കി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴി ലാളികൾക്ക് വീടുനിർമ്മിച്ചു നൽകുന്നതിന് 6 കോടി രൂപയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് 7 കോടി രൂപയും വിതരണം ചെയ്യുകയുണ്ടായി.

ശ്രീ. ടി.എൻ. പ്രതാപൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു പാർലമെന്ററി പ്രാക്ടീസ് മാത്രമായി ഇന്ന് സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുകയാണ്. സബ്ജക്ട് കമ്മിറ്റികൾ വിശദമായി ബഡ്ജറ്റിന്മേൽ സൂക്ഷ്മ പരിശോധന നടത്തി പ്രധാനപ്പെട്ട കാര്യങ്ങൾക്ക് കൂടുതൽ പരിഗണന ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന എത്ര ശുപാർശകൾ ധനകാര്യവകുപ്പുമന്ത്രി പരിഗണിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കണം. ഫിഷറീസ് വകുപ്പിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II നൽകിയ ശുപാർശകളുടെ കാര്യത്തിലുള്ള ധനകാര്യവകുപ്പിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കണം. 2005 മുതൽ സംസ്ഥാന ബഡ്ജറ്റിൽ ഫിഷറീസ് റോഡുകൾക്ക് പണം നീക്കി വയ്ക്കണമെന്ന് സ്ബജക്ട് കമ്മിറ്റി

ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും പണമൊന്നും നീക്കി വയ്ക്കാറില്ല. മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ സഹായം 40,000 രൂപയിൽ നിന്നും 75,000 രൂപയാക്കി ഉയർത്തണം. നിയമസഭ പാസ്സാക്കി ഗവർണ്ണറുടെ അംഗീകാരം ലഭിച്ച സെസ്സ് ബിൽ, മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ബിൽ എന്നിവയുടെ റൂൾസ് ഫ്രെയിം ചെയ്യാൻ കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കണം. ഫിഷറീസ് വകുപ്പ് മുൻകയ്യെടുത്ത് ലാ ഡിപ്പാർട്ടുമെന്റിനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പ്രസ്തുത നിയമങ്ങൾക്ക് റൂൾസ് ഫ്രെയിം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മൽസ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കണം. അപകടത്തിൽ മരണമടഞ്ഞ മൽസ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ഇൻഷ്വറൻസ് ക്ലെയിം സെറ്റിൽ ചെയ്യണം. ഫിഷറീസ് സെക്ടറിലെ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ട് ദുർബലമാണ്. ഫിഷറീസ് ഹാർബറുകളുടെയും ഓൺഗോയിംഗ് പ്രോജക്ടുകളുടെയും പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. മൽസ്യമേഖലയുടെ വികസനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം അടിയന്തിരമായി തുടങ്ങണം. ഈ കോർപ്പറേഷന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാനുള്ള സൗകര്യമുണ്ടാക്കണം. . തീരദേശ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണം. യൂറോപ്യൻ കമ്മ്യൂണിററിയുടെ സ്റ്റാന്റേർഡോടുകൂടിയ ഹാർബർ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കണം. മുനമ്പം ഹാർബർ സൊസൈറ്റി മോഡലിൽ മുഴുവൻ ഹാർബറുകളേയും ഹാർബർ ഡെവലപ്മെന്റ് സൊസൈറ്റികളുമായി ബന്ധിപ്പിച്ച് അനുബന്ധ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും

ഉണ്ടാക്കിക്കൊടുക്കണം. ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആയിരക്കണക്കിന് ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യടക്കി വച്ചിട്ടുള്ളത് തിരിച്ചു പിടിച്ച് പ്രത്യുല്പാദനപരമായ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയോ മൽസ്യത്തൊഴിലാളികളെ താമസിപ്പിക്കുന്നതി നുവേണ്ടി ഉപയോഗിക്കുകയോ ചെയ്യണം.

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിമർശനത്തിനുവേണ്ടി വിമർശിക്കുക എന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കടലോര മേഖലയിലെ മൽസ്യത്തൊഴിലാളികളെ പുരോഗതിയിലേയ്ക്കു കൊണ്ടു വരുന്നതിനു വേണ്ടി ഫലപ്രദമായ പല നടപടികളും ഫിഷറീസ് വകുപ്പ് സ്വീകരിക്കുകയുണ്ടായി. അധികാരമേറ്റെടുത്ത് രണ്ടു വർഷത്തിനുള്ളിൽ മൂന്നു നിയമനിർമ്മാണങ്ങൾ ആ മേഖലയിൽ കൊണ്ടുവരാൻ കഴിഞ്ഞു. മൽസ്യത്തൊഴിലാളികളുടെ മാഗ്നാകാർട്ടയെന്നു വിശേഷിപ്പിക്കാവുന്ന മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമം പ്രാബല്യത്തിൽ വന്നു. സെസ്സ് ബിൽ കൊണ്ടുവരാനും ഫിഷറീസ് വകുപ്പിനു കഴിഞ്ഞു. മൽസ്യത്തൊഴിലാളികളെ രക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത്. മൽസ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വാശ്രയ ഗ്രൂപ്പുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി വായ്പ അനുവദിച്ചു. ഒന്നരലക്ഷം കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകാനുള്ള പദ്ധതികൾ കൊണ്ടുവന്നു. ട്രോളിംഗ് നിരോധനത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ചു. മൽസ്യസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

കൊണ്ടുവരാൻ തീരുമാനിച്ചു. മൽസ്യത്തൊഴിലാളികളുടെ പുരോഗതിക്കുവേണ്ടി മൂവായിരം കോടി രൂപയുടെ ബൃഹത്തായ പദ്ധതികൾക്കാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. .കേന്ദ്രത്തിൽ ഫിഷറീസിന് സ്വതന്ത്ര മന്ത്രാലയം ഇല്ലാത്ത അവസ്ഥയാണുള്ളത്. ഇന്ത്യാ ഗവൺമെന്റ് യൂറോപ്യൻ യൂണിയനുമായി കരാറിൽ ഒപ്പു വച്ച് 22 ഇനം മൽസ്യങ്ങളെ ഇന്ത്യയിൽ ഇറക്കുമതി ചെയ്യാനുള്ള അനുമതി കൊടുത്തിരിക്കുകയാണ്. ഇതു പ്രാബല്യത്തിൽ വന്നു കഴിഞ്ഞാൽ മൽസ്യത്തൊഴിലാളികൾ പട്ടിണിയിലാകും. 796 പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. പൂട്ടിക്കിടന്നിരുന്ന അഞ്ചു ബോഡി ബിൽഡിംഗ് വർക്ക്ഷോപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളാണ് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മലബാറിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു. റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ ഫണ്ടും നടപ്പിലാക്കി. ആർ.ടി.ഓഫീസിലെ അഴിമതിയില്ലാതാക്കാൻ "any counter any service" എന്ന പദ്ധതി ആരംഭിച്ചു. രജിസ്ട്രേഷൻ വകുപ്പിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു. സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കി. സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രതിപക്ഷം മുന്നോട്ടു വരണം.

<u>ശ്രീ. കെ. അജിത്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗതാഗത രംഗത്ത് അഭൂതപൂർവ്വമായ നേട്ടമുണ്ടാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ജലഗത

സർവ്വീസ്സാണ് വൈക്കം ചേർത്തല മേഖലയിൽ ഉള്ളത്. ജലഗതാഗതവകുപ്പിന് 2006-ൽ 80 യാത്രാ ബോട്ടുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ അത് 92 ബോട്ടുകളായി വർദ്ധിച്ചു. വളരെ കുറഞ്ഞ ചാർജ്ജാണ് ഈ മേഖലയിലുള്ളത്. ലാഭകരമായി പ്രവർത്തിക്കുന്ന ഒരു ബോട്ട് സർവ്വീസാണ് വൈക്കം-തവണക്കടവ്. ടൂറിസം മേഖലയ്ക്ക് വളരെയേറെ സാദ്ധ്യതകളുള്ള ഈ പ്രദേശത്ത് കൂടുതൽ ബോട്ട് സർവ്വീസുകൾ അനുവദിക്കണം. ഉൾനാടൻ മേഖലകളിലേയ്ക്കുകൂടി ബോട്ട് സർവ്വീസുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. നവീകരണത്തിന്റെ പാതയിലേയ്ക്ക് കടന്നിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി-യിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് ഡ്രൈവർമാർക്ക് പരിശീലനം നൽകണം. നിർജ്ജീവമായിരുന്ന റീജിയണൽ വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്. പുതിയ 20 എ.സി ബസ്സുകൾ നിരത്തിലിറക്കാനും മുന്നൂറോളം പുതിയ ഷെഡ്യൂളുകൾ ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കാനും കഴിഞ്ഞു. കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലുമുള്ള നിയമനങ്ങൾ എംപ്ളോയ്മെന്റ് എക്ചേഞ്ചുകളിലൂടെ നടത്താൻ നടപടി സ്വീകരിച്ചു. ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി അഭിനന്ദനാർഹമാണ്. ഓയിൽ കമ്പനികൾക്ക് കൊടുക്കാനുണ്ടായിരുന്ന കോടിക്കണക്കിന് രൂപ ഘട്ടംഘട്ടമായി കൊടുത്ത് ഡീസൽ ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. വൈക്കം നിയോജകമണ്ഡലത്തിൽ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത്

നിർത്തലാക്കിയ ഡീസൽ പമ്പ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. നാഷണലൈസ്ഡ് റൂട്ടുകളിൽ സമാന്തര സർവ്വീസ് നിയന്ത്രിക്കാനും പെർമിറ്റ് നൽകുന്നതിൽ സുതാര്യത ഉറപ്പുവരുത്താനുമുള്ള നടപടി ഉണ്ടാകണം. കെ.എസ്.ആർ.ടി.സി-യിലെ പെൻഷൻ വിതരണം പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കണം. ഉൾനാടൻ മൽസ്യ മേഖല സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ.കെ. ദിവാകരൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി. യുടെ ചരിത്രത്തിൽ എറ്റവും കൂടുതൽ സംഭാവന നൽകിയത് 1967-69-ലെ ഇ.എം.എസ് ഗവൺമെന്റിന്റെ കാലത്താണ്. അഞ്ച് വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി-യെ ആറായിരം ഷെഡ്യൂളുകളുള്ള ഒരു സ്ഥാപനമാക്കി മാറ്റാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് വർഷത്തിനുള്ളിൽ 10308 പേർക്ക് കെ.എസ്.ആർ.ടി.സി-യിൽ നിയമനം നൽകിയിട്ടുണ്ട്. അടുത്ത മൂന്ന് വർഷം 15000 പേർക്ക് തൊഴിൽ ലഭിക്കുന്ന സാഹചര്യമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 20 എയർ കണ്ടീഷൻ ബസ്സുകൾ നിരത്തിലിറക്കാനും പുതുതായി 399 ഷെഡ്യൂളുകൾ ആരംഭിക്കാനും നടപടി സ്വീകരിച്ചു. യു.ഡി.എഫ് ഗവൺമെന്റ് കെ.എസ്.ആർ.ടി.സി-യെ സ്വകാര്യവൽക്കരിക്കാനാണ് ശ്രമിച്ചതെങ്കിൽ ഈ സർക്കാർ റൂട്ടുകൾ ദേശസാൽക്കരിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ബസ്സ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിക്കാനുള്ള നടപടിയും കെ.എസ്.ആർ.ടി.സി ഓഫീസുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. എല്ലാ ഡിപ്പോകളിലും ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ സമ്പ്രദായം ഏർപ്പെടുത്തുകയും. ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നവരെ

കണ്ടുപിടിച്ച് 500 രൂപ പിഴയീടാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി-യിൽ ശമ്പളപരിഷ്ക്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. ഇടക്കാല ആശ്വാസമായി 500 രൂപ വീതം തൊഴിലാളികൾക്ക് നൽകി. പെൻഷൻകാർക്കുംകൂടി ഈ ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കണം. സാമ്പത്തിക പ്രതിസന്ധിക്കിടയിലും 10 ശതമാനം ഡി.എ കൊടുത്തു. പരസ്യത്തിലൂടേയും മറ്റുരീതിയിലും വരുമാനം വർദ്ധിപ്പിച്ചു. ഡ്രൈവർമാർക്ക് പരിശീലനം നൽകാനുള്ള നടപടി സ്വീകരിച്ചു. പെൻഷൻ ഫണ്ട് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ട്രാൻസ്പോർട്ട് മാനേജ്മെന്റിൽ മാറ്റങ്ങൾ അനിവാര്യമാണ്. ഗതാഗത നയം അടിയന്തിരമായി രൂപപ്പെടുത്തേണ്ടതുണ്ട്. ആർ.ടി. ഓഫീസുകളിൽ ഏജന്റുമാരെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന യൂസേഴ്സ് ഫീ പിൻവലിക്കുകയും ചെയ്യണം. ട്രാഫിക് പരിഷ്ക്കരണം നടപ്പാക്കണം. റോഡ് സുരക്ഷാ അതോറിറ്റിയിൽ തൊഴിലാളികൾക്ക് പങ്കാളിത്തം നൽകണം. മിനി ബസ്സുകൾ വാങ്ങിക്കൂട്ടുന്ന പ്രവണത അവസാനിപ്പിക്കണം. കെ.എസ്.ആർ.ടി.സി-യുടെ വ്യാപനത്തിന്റെ ഭാഗമായി മലബാർ മേഖലയിൽ പുതിയ സർവ്വീസുകൾ ആരംഭിച്ചപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവരെ അവിടെ നിലനിർത്തേണ്ടതായിട്ടുണ്ട്.

ശ്രീ.കെ.സി. വേണുഗോപാൽ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വായ്പാധിഷ്ഠിത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളുമല്ലാതെ ബഡ്ജറ്റ് തുക ഉപയോഗിച്ച് ഒരു കാര്യവും ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. 210 കോടി രൂപ ബഡ്ജറ്റ് സപ്പോർട്ട് കൊടുത്തിട്ടും കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ നഷ്ടം 17.67 കോടി രൂപയിൽ എത്തിനിൽക്കുകയാണ്. ജലഗതാഗത വകുപ്പിൽ ഡയറക്ടർ നിയമനം

അടിയന്തിരമായി നടത്തണം. ഗതാഗതയോഗ്യമല്ലാത്ത ബോട്ടുകൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ലെയ്‌ലാന്റ്, ടാറ്റ ബസ്സുകൾ വാങ്ങുന്നതിലെ അനുപാതം മാറ്റിയതിന്റെ കാരണം വ്യക്തമാക്കണം. ഫ്യൂവൽ ഇഞ്ചക്ഷൻ പമ്പുകൾ ഗുണനിലവാരമില്ലാത്തതുകാരണം എറണാകുളം ജില്ലയിൽ മാത്രം 17 ബസ്സുകൾ തകരാറിലായിരിക്കുകയാണ്. പെൻഷൻ ഫണ്ട് രൂപീകരിച്ചാൽ മാത്രമേ സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ കൊടുക്കാൻ കഴിയൂവെന്ന് പറയുന്നത് ശരിയല്ല. റോഡ് സേഫ്റ്റി അതോറിറ്റി നിയമം പാസ്സാക്കിയെങ്കിലും ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ ഒരു നടപടിയും ഉണ്ടാകുന്നില്ല. റോഡപകടങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥ ഉണ്ടാകുന്നു. ബസ് ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കണം. വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്ന നടപടി ഉപേക്ഷിക്കണം. റിട്ടയർ ചെയ്യുന്ന ആളുകൾക്ക് റീ-എംപ്ളോയ്മെന്റ് കൊടുക്കുന്ന സമീപനം അവസാനിപ്പിച്ച് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ചെറുപ്പക്കാർക്ക് അവസരം കൊടുക്കണം. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് കൊടുക്കുന്ന കാര്യത്തിൽ സിവിൽ സപ്ളൈസ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഗുരുതരമായ അനാസ്ഥയാണ് ഉണ്ടാകുന്നത്. മണ്ണെണ്ണ പെർമിറ്റിനുള്ള ക്വാട്ട കുറച്ച നടപടി പുനഃപരിശോധിക്കണം. മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വിവാഹ ധനസഹായ വായ്പ, ഭവന നിർമ്മാണ വായ്പ എന്നിവ എഴുതിത്തള്ളുന്നതിന് നടപടി ഉണ്ടാകണം. വിദ്യാർത്ഥികൾക്കുള്ള സുനാമി സ്കോളർഷിപ്പ് പദ്ധതി അവതാളത്തിലായത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. സുനാമി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചി

ട്ടില്ല. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ വെള്ളമോ വെളിച്ചമോ റോഡോ ഇല്ലാത്ത ദയനീയാവസ്ഥയാണ് നിലവിലുള്ളത്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ധനകാര്യവകുപ്പ് സബ്ജക്ട് കമ്മിറ്റി നിർദ്ദേശങ്ങളെ ഗൗരവമായിട്ടാണ് പരിഗണിക്കുന്ന തെങ്കിലും കമ്മിറ്റിയുടെ എല്ലാ നിർദ്ദേശങ്ങളും അംഗീകരിക്കാൻ കഴിയുകയില്ല. മത്സ്യബന്ധനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ ഏതാണ്ട് എല്ലാ ഡിമാന്റ് ഹെഡ്ഡുകളിലും വർദ്ധനവ് ആവശ്യപ്പെട്ടിരിക്കുകയാണ്. ബഡ്ജറ്റിനുള്ളിൽനിന്നുകൊണ്ട് ഒരു കാരണവശാലും അത്തരത്തിലുള്ള വർദ്ധനവ് വരുത്താൻ പറ്റുകയില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായത്തിന് അനുസൃതമായി ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതാണ്. എൻ.സി.ഡി.സി.യിൽനിന്ന് ലഭ്യമാകുന്ന സാമ്പത്തിക സഹായത്തിന് അനുസൃതമായ ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന വായ്പയ്ക്ക് അനുസൃതമായി സബ്സ്ഡി നൽകുന്നതിന് അധിക തുക ആവശ്യമായി വരികയാണെങ്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ നിക്ഷേപത്തിന് ആനുപാതികമായി ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതാണ്. സർക്കാർ എടുക്കുന്ന ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അധികമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ധനപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്.

ഗതാഗതയും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : ഇവിടെ നടത്തിയിട്ടുള്ള വിമർശനങ്ങളിൽ ഉൾക്കൊള്ളാൻ

കഴിയുന്നവ ഉൾക്കൊള്ളാൻ തയ്യാറാണ്. റോഡ് സേഫ്റ്റി അതോറിറ്റിക്ക് ഈ ചുരുങ്ങിയ നാളുകൾക്കുള്ളിൽ വലിയ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ എല്ലാ വകുപ്പുകളും കൂട്ടായി പ്രവർത്തിച്ച് റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതുണ്ട്. കെ.എസ്.ടി.പി.യുടെ സഹായത്തോടെ തയ്യാറാക്കിയ റോഡ് സേഫ്റ്റി ആക്ഷൻ പ്ളാൻ നടപ്പിലാക്കുന്നതു സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പമാണ് റോഡപകടങ്ങൾക്ക് പ്രധാന കാരണം. നിരത്തുകളിൽ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനനുസരിച്ച് റോഡുകളുടെ ശേഷി വർദ്ധിക്കുന്നില്ല. വാഹനവിലയ്ക്ക് അനുസരിച്ച് നികുതി ഈടാക്കുന്ന പുതിയ ഘടന പ്രാവർത്തികമാക്കിയിട്ടുണ്ട്. വാഹനപ്പെരുപ്പവും മറ്റുംകൊണ്ട് റവന്യൂ കളക്ഷനിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അതിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കാത്തതുകൊണ്ട് ഈ വർദ്ധനവ് പല സാമൂഹ്യ പ്രശ്നങ്ങൾക്കും നിദാനമാകുന്നതാണ്. മുൻ വർഷങ്ങളേക്കാൾ വളരെ കൂടിയ കോമ്പൗണ്ടിംഗ് ഫീസാണ് ഈ വർഷം പിരിച്ചെടുത്തിട്ടുള്ളത്. സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ ചെക്കിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റിക്ക് ആവശ്യമായ പണം സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ ആർ.ടി. ആഫീസുകളും സബ് ആർ.ടി. ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡിന്

പിരിച്ചുകൊടുക്കാനുള്ള യൂസർ ഫീ നിരക്കുകൾ പകുതിയാക്കി കുറച്ചിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ വെബ്സൈറ്റ് ഓപ്പൺ ചെയ്ത് എല്ലാ അപേക്ഷാ ഫോമുകളും ഡൗൺലോഡ് ചെയ്യുന്നതിനും വിവരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഫ്രണ്ട്സ് കൗണ്ടറുമായി ആർ.ടി. ആഫീസുകൾ ബന്ധപ്പെടുത്തുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. പൊതുജനങ്ങൾ നൽകുന്ന ഫീസ്, നികുതി മുതലായവ ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിലൂടെ ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും നേരിട്ടെടുക്കാനുള്ള ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി ഇന്റർസെപ്റ്റർ വാഹനം പുറത്തിറക്കി. ഒന്നര കിലോമീറ്റർ അകലെവരെയുള്ള വാഹനങ്ങളുടെ അമിതവേഗത രേഖപ്പെടുത്താൻ കഴിയുന്ന വീഡിയോ സംവിധാനവും റഡാർ സംവിധാനവും ബ്രീത്ത് അനലൈസറും അടക്കമുള്ള കാര്യങ്ങൾ ഈ വാഹനത്തിലുണ്ട്. സ്പീഡ് ട്രേയ്സേഴ്സ്, സ്പീഡ് റഡാറുകൾ, ബ്രീത്ത് അനലൈസറുകൾ, സ്മോക്ക് മീറ്ററുകൾ എന്നിവ ഏർപ്പെടുത്തി റോഡ് സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്. ആർ.ടി.സി. വക 25 ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് Institute of Traffic Safety and Research എടപ്പാളിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂളുകളിലും കോളേജുകളിലും റോഡ് സേഫ്റ്റി ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി തപാൽ മുഖേന ആർ.ടി. ഓഫീസിൽ നിന്ന് ജനങ്ങൾക്ക് നേരിട്ട് സർട്ടിഫിക്കറ്റുകൾ എത്തിച്ചുകൊടുക്കുന്ന സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ സേവനത്തിനും കാലാവധി നിശ്ചയിച്ചുകൊണ്ടുള്ള പൗരാവകാശരേഖ ഈ മാസം തന്നെ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡ്രൈവിംഗ് ടെസ്റ്റിംഗ് യാർഡ്സ് കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ട്രാഫിക് സൈൻസ് ആന്റ് സിഗ്നൽസ്, റഡാർ സർവെയിലൻസ് എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സർക്കാർ വെബ്സൈറ്റിൽ സംസ്ഥാന ഗസറ്റ് ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കി. അച്ചടിവകുപ്പിൽ 84 പുതിയ നിയമനങ്ങൾ നടത്താൻ സാധിച്ചു. പാഠപുസ്കങ്ങളുടെ അച്ചടി യഥാസമയം നടത്തിക്കൊടുക്കാനും രജിസ്ട്രേഷൻ വകുപ്പിന്റെ ആവശ്യപ്രകാരം ഭൂമിയുടെ ന്യായവില പട്ടിക എല്ലാ സ്ഥലത്തും എത്തിച്ചുകൊടുക്കാനും കഴിഞ്ഞു. വിവിധ പ്രസ്സുകളെ ഏകോപിപ്പിച്ച് Wide Area Networking System-ന്റെ കീഴിൽ കൊണ്ടുവരുന്നതാണ്. ഹാന്റ് കംപോസ്സിംഗ് സിസ്റ്റം പൂർണ്ണമായി ഒഴിവാക്കി ഡി.റ്റി.പി. സംവിധാനം നടപ്പിലാക്കുന്നതാണ്. അച്ചടി വകുപ്പിനെ സുസജ്ജമാക്കുന്നതിന് രണ്ട് multi coloured web offset machine വാങ്ങാൻ തീരുമാനിച്ചു. അതിൽ ഒരെണ്ണം ഷൊർണ്ണൂരിൽ സ്ഥാപിക്കുന്നതാണ്. സെക്യൂരിറ്റി പ്രസ്സ് തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്. അച്ചടി വകുപ്പിനെ ഗവൺമെന്റ് മൊണോപ്പൊളിയായി നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ജലഗതാഗത വകുപ്പിൽ കഴിഞ്ഞ വർഷം 6 സ്റ്റീൽ ബോട്ടുകൾക്ക് ഓർഡർ കൊടുത്തതിൽ മൂന്നെണ്ണം 'സിൽക്ക്'-ൽ നിന്നും പത്തെണ്ണം 'കിൻകോ'യിൽ നിന്നും ലഭ്യമായിട്ടുണ്ട്. എട്ട് സ്റ്റീൽ

ബോട്ടുകൾ കൂടി വാങ്ങുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. ആലപ്പുഴ സ്ലിപ്‌വേ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് മോട്ടോർ വാഹന വകുപ്പിലെ എം.ഡി. യുടെ അധിക ചുമതല നൽകിയിട്ടുണ്ട്. എത്രയും വേഗം ഡയറക്ടറെ നിയമിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. പുതിയ വാഹനങ്ങൾ നിരത്തിലിറക്കി ജനപ്രതിനിധികളുടെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പരമാവധി ലാഭകരമായ റൂട്ടുകളിലേയ്ക്ക് സർവ്വീസ് നടത്താൻ ശ്രമിക്കുന്നതാണ്. ചെയിൻ സർവ്വീസും ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്തുന്നതിന് ബസ് ചാർജ് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. ചാർജ് വർദ്ധന കെ.എസ്.ആർ.ടി.സി.യും പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സും ഒരുപോലെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ലോൺ റീപേമെന്റ് 10 കോടി രൂപയിൽ നിന്ന് 18 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഡീസൽ ഇനത്തിൽ ഏതാണ്ട് നാലേമുക്കാൽ കോടി രൂപയുടെ അധികച്ചെലവ് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ശമ്പളപരിഷ്ക്കരണം നടപ്പാക്കിയതുമൂലം പെൻഷൻക്കാർക്കും ജീവനക്കാർക്കും 10 ശതമാനം ഡി.എ. അധികമായി കൊടുത്തു. പുതിയ ശമ്പളക്കരാറിനുള്ള ചർച്ച ആരംഭിച്ചു കഴിഞ്ഞു. 2008 ജനുവരി മുതൽ ജീവനക്കാർക്ക് പ്രതിമാസം 500 രൂപ നിരക്കിൽ ഇടക്കാലാശ്വാസം അനുവദിച്ചതിലൂടെ കോർപ്പറേഷന് അധിക ബാധ്യത വരുന്നുണ്ട്. കോടതി നിർദ്ദേശപ്രകാരം വരുമാനത്തിന്റെ **10** ശതമാനം പെൻഷനാനുകൂല്യങ്ങൾക്ക്

മാറ്റിവയ്ക്കേണ്ടി വരുന്നുണ്ട്. വരുമാനം വർദ്ധിക്കുന്നതോടൊപ്പം ചെലവും വർദ്ധിക്കുന്നു. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ്. അടിസ്ഥാനപരമായി സർവ്വീസുകൾ വ്യാപിപ്പിച്ചുകൊണ്ട് മാത്രമേ നഷ്ടം നികത്തിക്കൊണ്ടുവരാൻ സാധിക്കൂ. സർവ്വീസ് ചെലവുകൾ എന്ന ബാധ്യത ഒഴിച്ച് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം വാസ്തവത്തിൽ ലാഭത്തിൽ തന്നെയാണ്. ബസ് ടിക്കറ്റിൽ നിന്ന് 2008 മേയ് മാസത്തിൽ റെക്കാർഡ് വരുമാനമായിരുന്നു. ഇ.പി.ബി.യും ഇ.പി.കെ.എം-ഉം ഗണ്യമായി വർദ്ധിച്ചു. 1983 മുതൽ 1990 വരെയുള്ള എം.എ.സി.റ്റി. കേസുകളിന്മേലുള്ള കുടിശ്ശിക കൊടുത്തു തീർത്തു. പുതിയ ബസ്സുകൾക്ക് കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കിത്തുടങ്ങി. 824 പുതിയ ബസ്സുകളും 20 എ.സി. ബസ്സുകളും നിരത്തിലിറക്കി. മൂന്ന് വർഷത്തിനുള്ളിൽ 3000 പുതിയ ബസ്സുകൾ വാങ്ങാനും നിലവിലുള്ള ഷെഡ്യൂൾ 6000 ആക്കി വർദ്ധിപ്പിക്കാനും ശ്രമിക്കുന്നതാണ്. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ 10308 പേർക്ക് പുതുതായി നിയമനം നൽകി. വർക്ക്ഷോപ്പുകൾ പുനരുദ്ധരിച്ച് 824 ബസ് ബോഡികൾ നിർമ്മിച്ചതിലൂടെ ഒരു ലക്ഷത്തിലധികം രൂപയുടെ ചെലവ് കുറയ്ക്കാൻ സാധിച്ചു. മലബാർ മേഖലയിൽ ‘മലബാർ’ എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചു. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാറിന്മേലുള്ള അന്തിമ വിജ്ഞാപനത്തിലൂടെ നാലായിരത്തി അറുനൂറോളം കിലോമീറ്റർ കൂടുതൽ സർവ്വീസ് നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കമ്പ്യൂട്ടറൈസേഷനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അങ്കമാലിയിൽ ആധുനിക ഷോപ്പിംഗ് കോംപ്ലെക്സ് ആരംഭിച്ചു. മറ്റ് സ്ഥല

ങ്ങളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. സിറ്റി ബസ്സുകൾക്ക് റൂട്ട് നമ്പറുകൾ കൊടുത്തു. പത്തൊമ്പത് ഡിപ്പോകളിൽ ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ നടപ്പാക്കി. ടിക്കറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നവരെ കണ്ടുപിടിച്ച് പിഴ ഈടാക്കുന്നത് കർശനമാക്കി. ജീവനക്കാരെയും ട്രേഡ് യൂണിയൻ നേതാക്കളെയും വിശ്വാസ്യതയിലെടുക്കാൻ സാധിച്ചു. പരസ്യചാർജ്ജ് വർദ്ധിപ്പിച്ച് വരുമാനം കൂട്ടാനുള്ള ശ്രമം ആരംഭിച്ചു. പതിനായിരത്തിലധികം ഡ്രൈവർമാർക്ക് പരിശീലനം നൽകിയതിലൂടെ അപകടങ്ങൾ കുറയ്ക്കാൻ സാധിച്ചു. ടയറിന്റെ ലൈഫ് വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കാൻ സാധിച്ചു. തിരുവനന്തപുരം സിറ്റിയിൽ സമാന്തര സർവ്വീസുകൾ ആരംഭിച്ചു. ഓപ്പൺ ടെണ്ടർ സംവിധാനം ഏർപ്പെടുത്തി ഇടനിലക്കാരെ ഒഴിവാക്കി ബസ് പർച്ചേസ് നടപടി സുതാര്യമാക്കിയതിലൂടെ കോർപ്പറേഷന് ലാഭം ഉണ്ടാക്കാൻ സാധിച്ചു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങളും വിമർശനങ്ങളും നന്ദിപൂർവ്വം സ്വീകരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാസ്സാക്കിയ മത്സ്യത്തൊഴിലാളികൾക്കു വേണ്ടിയുള്ള നിയമം നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ച് ഗൗരവതരമായ വിമർശനങ്ങളാണ് ഉന്നയിക്കപ്പെട്ടത്. പ്രസ്തുത നിയമത്തിന്റെ റൂൾസ് അംഗീകരിച്ച് അത് പ്രാബല്യത്തിൽ വരികയും അസസ്സിംഗ് ആഫീസർമാരെ നിയമിക്കുകയും ചെയ്തുകഴിഞ്ഞു. മത്സ്യത്തൊഴിലാളി

കടാശ്വാസകമ്മീഷൻ നിയമത്തിലെ കരട് ചട്ടം നിയമവകുപ്പിന്റെ പരിശോധനയിലാണ്. രണ്ടാഴ്ചയ്ക്കകം പരിശോധന പൂർത്തിയാക്കുകയും അടുത്ത മാസം നിയമം പ്രാബല്യത്തിൽ വരികയും ചെയ്യുന്നതാണ്. 2007 ഡിസംബർ വരെയുള്ള മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തു. 120 രൂപ വച്ച് മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക നടപടി പൂർത്തീകരിച്ച് ആഴ്ചകൾക്കുള്ളിൽ റിലീസ് ചെയ്യുന്നതാണ്. സുനാമി ബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വിവിധ സ്റ്റേജി ലാണ്. മുപ്പതിനായിരം പേർക്ക് സ്കോളർഷിപ്പ് കൊടുക്കണ മെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ്ലൈൻ. ഒരുലക്ഷത്തിൽതാഴെ അപേക്ഷകരുണ്ട്. ആദ്യം കൊടുക്കുന്നത് പതിനായിരം പേർക്കാണ്. മണ്ണെണ്ണ പെർമിറ്റ് സംബന്ധിച്ച് സിവിൽ സപ്ളൈസ് കോർപ്പറേഷനും ഫിഷറീസ് ഡിപ്പാർട്ട്മെന്റും ജോയിന്റ് വെരിഫിക്കേഷൻ നടത്തിയാണ് തീരുമാനിക്കുന്നത്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. ഇരവിപുരത്തെ 60 ഭവനങ്ങൾ നവീകരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് അനുഭാവപൂർവ്വം പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ വായ്പ ഒരു ലക്ഷം രൂപയാക്കണമെന്ന നിർദ്ദേശമാണ് കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശംകൂടി പരിഗണിച്ചുകൊണ്ട് മന്ത്രിസഭ തത്വത്തിൽ തീരദേശ വികസനത്തിനായി തീരദേശ വികസന കോർപ്പറേഷന് അംഗീകാരം നൽകിയിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ അഞ്ച്

ഹാർബറുകൾക്ക് ഭരണാനുമതി കൊടുത്ത് വർക്ക് ആരംഭിച്ചത് ഈ ഗവൺമെന്റിന്റെ നേട്ടം തന്നെയാണ്. മത്സ്യോൽപ്പാദന മേഖലയിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ മാറ്റി എടുക്കുന്നതിനായി മത്സ്യസംസ്ക്കരണശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ളതാക്കുന്നതിനും 'മത്സ്യകേരളം' എന്നൊരു പ്രോജക്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം മൂന്ന് വർഷത്തിനുള്ളിൽ പതിനായിരം ഹെക്ടർ ജലശേഖരങ്ങളിൽ മത്സ്യോൽപ്പാദന പദ്ധതി നടപ്പിലാക്കും. ഇപ്പോൾ 75000 ടൺ മത്സ്യമാണ് ഉൽപ്പാദിപ്പിക്കുന്നതെങ്കിൽ മൂന്ന് വർഷംകൊണ്ട് രണ്ട് ലക്ഷം ടൺ മത്സ്യം കൂടുതലായി ഉൽപ്പാദിപ്പിക്കാനുള്ള സമഗ്രമായ പദ്ധതിയാണിത്. മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ അപകടത്തിൽപ്പെട്ട് വള്ളവും വലയും നഷ്ടപ്പെട്ടാൽ 75 ശതമാനം തുക ഇൻഷ്വറൻസ് കിട്ടാനുള്ള നടപടി സ്വീകരിച്ചു. നാൽപ്പതിനായിരം മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 5,000 രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. സംയോജിത തീരദേശ വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ സി.എം.എഫ്.ആർ.ഐ-യിൽ വച്ച് സംസ്ഥാനത്തെ ട്രേഡ് യൂണിയൻ നേതാക്കളുടെയും പ്രഗൽഭരായ ശാസ്ത്രജ്ഞരുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും യോഗം ചേരുകയും മത്സ്യമേഖലയ്ക്കായി സമഗ്രമായ ഒരു മാസ്റ്റർപ്ളാൻ തയ്യാറാക്കുകയും അതനുസരിച്ച് നിയോഗിച്ച ഏഴ് കർമ്മസമിതികളിൽ ആറെണ്ണം റിപ്പോർട്ട് തരികയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ ആ കർമ്മസമിതി അംഗങ്ങളും പ്രധാനപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളും ധനകാര്യ

വകുപ്പുമന്ത്രിയും പ്ളാനിംഗ് ബോർഡ് വൈസ്ചെയർമാനും ചേർന്ന് വിശദമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഹൈദരാബാദിലെ ഇൻഡ്യാ ഗവൺമെന്റ് ഏജൻസിയായ എൻ.ഐ.ആർ.ഡി.ബി.യെ ചുമതലപ്പെടുത്തിക്കൊണ്ട് വിശദമായ പ്രോജക്ട് തയ്യാറാക്കി വരികയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും പാളാനിംഗ് ബോർഡിന്റെയും സെൻട്രലി സ്പോൺസേർഡ് സ്കീമിന്റേയും സുനാമി ദുരിതാശ്വാസ നിധിയുടെയും വിഹിതം സംയോജിപ്പിച്ച് തീരദേശ വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും 28 നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു).